©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XII
## (SUBJECT COMMITTEE XII)

# ആരോഗ്യവും കുടുംബക്ഷേമവും
# (HEALTH AND FAMILY WELFARE)

## പീരിയോഡിക്കൽ റിപ്പോർട്ട്
## (2023 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2023)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2023 ആഗസ്റ്റ് 10-ാം തീയതി സമർപ്പിച്ചത്**
**(Presented on 10th August, 2023)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2023

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XII
## (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

### പീരിയോഡിക്കൽ റിപ്പോർട്ട്
### (2023 മാർച്ച് 31 വരെയുള്ളത്)

### (PERIODICAL REPORT AS ON 31st MARCH 2023 )

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1092/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 12 |

# സബ്ജക്ട് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും

## (2021-2023)

**ഘടന**

ചെയർപേഴ്സൺ :

ശ്രീമതി വീണാജോർജ്ജ്,

ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

## അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, പതിനഞ്ചാം കേരള നിയമസഭയുടെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2021 ജൂൺ 7-ന് രൂപീകൃതമായി. സമിതിയിൽ 10 അംഗങ്ങളാണുള്ളത്.

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 20-4-2022, 27-4-2022, 14-7-2022, 2-11-2022, 7-12-2022, 14-2-2023, 21-2-2023 എന്നീ തീയതികളിലായി സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. മേൽ പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 71.25% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ, രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ, മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങളുടെയും എസ്.ആർ.ഒ.കളുടെയും വിശദാംശങ്ങൾ, നാലാം അദ്ധ്യായത്തിൽ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ചുള്ള വിശദാംശങ്ങൾ, അഞ്ചാം അദ്ധ്യായത്തിൽ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്ത റിപ്പോർട്ടുകളുടെ വിവരങ്ങൾ, ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2023 ആഗസ്റ്റ് 8ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വീണാ ജോർജ്ജ്

*ചെയർപേഴ്സൺ,*

*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,

2023 ആഗസ്റ്റ് 10.

# റിപ്പോർട്ട്

## <u>അദ്ധ്യായം I</u>

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2022 ഏപ്രിൽ 27-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2022 ജൂലൈ 14-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2022 ജൂലൈ 18-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2022 ജൂലൈ 14-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2022 ജൂലൈ 18-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2022 ഡിസംബർ 7-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2022 ഡിസംബർ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 21-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## <u>അദ്ധ്യായം II</u>

## സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ മാത്രമാണ് ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്ക് ലഭിച്ചിട്ടുള്ളത്. ഈ ബിൽ ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

## അദ്ധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) സ്പെഷ്യൽ റൂൾസ് ഭേദഗതി ചട്ടം 2022-ന്റെ കരട് 2022 ജൂലൈ 14-ന് ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി എസ്.ആർ.ഒ.-കൾ ലഭ്യമായിട്ടില്ല.

## അദ്ധ്യായം IV

### നിയമസഭാ ചട്ടം 235 (A) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

ഈ കാലയളവിൽ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 235(എ) പ്രകാരം "ജീവിതശൈലി രോഗങ്ങളും ബോധവൽക്കരണവും" എന്ന പ്രത്യേക വിഷയം സംബന്ധിച്ച് 2022 നവംബർ 2-ാം തീയതി ചേർന്ന സമിതിയോഗം ചർച്ച നടത്തി.

## അദ്ധ്യായം V

### നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ

### സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | |
|---|---|---|---|---|
| | | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
| 1 | 2 | 3 | 4 | 5 |
| 1. | XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2019-20 (കാലതാമസപത്രിക സഹിതം) | ആയുഷ് വകുപ്പ് | 20-7-2022 |
| 2. | XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2020-21 (കാലതാമസപത്രിക സഹിതം) | ആയുഷ് വകുപ്പ് | 15-3-2023 |
| 3. | XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2020-21 (കാലതാമസപത്രിക സഹിതം) | ആയുഷ് വകുപ്പ് | 15-3-2023 |

## അദ്ധ്യായം VI

(a) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| റിപ്പോർട്ടിലെ ശിപാർശകളുടെ ആകെ എണ്ണം - 101 | മറുപടി ലഭിക്കാനുള്ള ശിപാർശകൾ |
|---|---|
| ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | 1 മുതൽ 45 വരെ, 100, 101 |
| ആയുഷ് വകുപ്പ് | 46 മുതൽ 99 വരെ |

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)**

(ഫയൽ നം. 3627/സബ്.സി.എഫ്.2/2019/നി.സെ.)

**ശിപാർശ**

4210-03-102-97-01—ഹോമിയോപ്പതി നഴ്സിംഗ്/ഫാർമസി കോളേജ് ശക്തിപ്പെടുത്തൽ - മരാമത്ത് പണികൾ

ഹോമിയോപ്പതി ഫാർമസി കോളേജ് നിർമ്മാണത്തിനായി നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.75 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

**സർക്കാർ സ്വീകരിച്ച നടപടി**

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നം. ബി.1/208/2021/ആയുഷ്,തീയതി 26-6-2022)

**ശിപാർശ**

4210-03-102-98—ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രി, കോളേജ് ഹോസ്റ്റൽ, കോഴിക്കോട്, സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിന് ആശുപത്രി ഓഫീസ് കെട്ടിടത്തിന്റെ മൂന്നാം നിലയിൽ സെമിനാർ ഹാൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക

പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

**സർക്കാർ സ്വീകരിച്ച നടപടി**

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നം. ബി.1/208/2021/ആയുഷ്,തീയതി 26-6-2022)

**ശിപാർശ**

2210-02-102-98—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം

2210-02-102- 01-5—മറ്റ് അലവൻസുകൾ

2210-02-102 - 04-2— സ്ഥലംമാറ്റ ബത്ത

2210-02-102-05-2—വൈദ്യുത ചെലവ്

ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ് ആശുപത്രിയിലെ അലവൻസുകൾ, സ്ഥലമാറ്റബത്ത, വൈദ്യുതചെലവ് എന്നിവയ്ക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-98-01-5 : 1 ലക്ഷം രൂപ

2210-02-102-98-04-2 : 37,000 രൂപ

2210-02-102-98-05-2 : 3 ലക്ഷം രൂപ

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

2210-02-102- 01-5—മറ്റ് അലവൻസുകൾ

2019-20 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക ചെലവ് ഉണ്ടായിട്ടില്ല.

2210-02-102 -04-2—സ്ഥലംമാറ്റ ബത്ത

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു. അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ 2529/എ 2/19/ജി.എച്ച്.എം.സി.റ്റി. തീയതി 23-7-2019 പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. ബി2/178/2019/ആയുഷ് തീയതി 1-10-2019 പ്രകാരം കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ആശുപത്രി സൂപ്രണ്ട് വിശദീകരണം യഥാസമയം ലഭ്യമാക്കാത്തതിനാൽ തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

2210-02-102-05-2—വൈദ്യുത ചെലവ്

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു. അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ 2529/എ 2/19/ജി.എച്ച്.എം.സി.റ്റി. തീയതി 23-7-2019 പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. ബി2/178/2019/ആയുഷ് തീയതി 1-10-2019 പ്രകാരം കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ആശുപത്രി സൂപ്രണ്ട് വിശദീകരണം യഥാസമയം ലഭ്യമാക്കാത്തതിനാൽ തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നം. ബി.1/208/2021/ആയുഷ്, തീയതി 26-6-2022)

**ശിപാർശ**

2210-05-102-98 - ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട്

2210-05-102-98-02-1—വേതനം

2210-05-102-98-02-2—ക്ഷാമബത്ത

2210-05-102-98-02-3—മറ്റ് ആനുകൂല്യങ്ങൾ

2210-05-102-98-02-5—ദിവസവേതനം

2210-05-102-98-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

2210-05-102-98-34-1—വെള്ളക്കരം

കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ പി.ജി. വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്, പാർട്ട്-ടൈം ദിവസവേതന ജീവനക്കാരുടെ വേതനം, ക്ഷാമബത്ത, മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവ നൽകുന്നതിനും വെള്ളക്കരം നൽകുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം

വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-05-102-98-02-1—വേതനം | : 1.1 ലക്ഷം രൂപ |
| 2210-05-102-98-02-2—ക്ഷാമബത്ത | : 23,000 രൂപ |
| 2210-05-102-98-02-3—മറ്റ് ആനുകൂല്യങ്ങൾ | : 9,000 രൂപ |
| 2210-05-102-98-02-5—ദിവസവേതനം | : 15.50 ലക്ഷം രൂപ |
| 2210-05-102-98-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും | : 30 ലക്ഷം രൂപ |
| 2210-05-102-98-34-1 — വെള്ളക്കരം | : 1.85 ലക്ഷം രൂപ |

(ഖണ്ഡിക 49)

**സർക്കാർ സ്വീകരിച്ച നടപടി**

2210-05-102-98-02-1—വേതനം

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു. അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ 3776/എ 2/19/ജി.എച്ച്.എം.സി.റ്റി. തീയതി 27-8-2019, 3776/എ 2/19/ ജി.എച്ച്.എം.സി.റ്റി തീയതി 22-2-2020 എന്നിവ പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ബി2/217/2019/ആയുഷ് തീയതി 15-5-2020 പ്രകാരം ടി തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനുള്ള നിർദ്ദേശം ലഭിച്ചു.

2210-05-102-98-02-2—ക്ഷാമബത്ത

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു. അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ 3776/എ 2/19/ജി.എച്ച്.എം.സി.റ്റി. തീയതി 27-8-2019, 3776/എ 2/19/ ജി.എച്ച്.എം.സി.റ്റി തീയതി 22-2-2020 എന്നിവ പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ബി2/217/2019/ആയുഷ് തീയതി 15-5-2020 പ്രകാരം ടി തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനുള്ള നിർദ്ദേശം ലഭിച്ചു.

2210-05-102-98-02-3 —മറ്റ് ആനുകൂല്യങ്ങൾ

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു. അഡീഷണൽ ആതറൈസേഷൻ

പ്രൊപ്പോസൽ 3776/എ 2/19/ജി.എച്ച്.എം.സി.റ്റി. തീയതി 27-8-2019, 3776/എ 2/19/ ജി.എച്ച്.എം.സി.റ്റി തീയതി 22-2-2020 എന്നിവ പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ബി2/217/2019/ആയുഷ് തീയതി 15-5-2020 പ്രകാരം ടി തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനുള്ള നിർദ്ദേശം ലഭിച്ചു.

2210-05-102-98-02-5—ദിവസവേതനം

ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ജി.ഒ.(ആർ.റ്റി.) നം. 155/2020/ഫിൻ., തീയതി 6-1-2020 ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു.

2210-05-102-98-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു. അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ 3776/എ 2/19/ജി.എച്ച്.എം.സി.റ്റി. തീയതി 27-8-2019, 3776/എ 2/19/ ജി.എച്ച്.എം.സി.റ്റി(1) തീയതി 29-2-2020 എന്നിവ പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ബി2/80/2020/ആയുഷ് തീയതി 15-5-2020 പ്രകാരം ടി തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനുള്ള നിർദ്ദേശം ലഭിച്ചു.

2210-05-102-98-34-1 —വെള്ളക്കരം

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു. അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ 3776/എ 2/19/ജി.എച്ച്.എം.സി.റ്റി. തീയതി 27-8-2019, 3776/എ 2/19/ ജി.എച്ച്.എം.സി.റ്റി(1) തീയതി 29-2-2020 എന്നിവ പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ബി2/80/2020/ആയുഷ് തീയതി 15-5-2020 പ്രകാരം ടി തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനുള്ള നിർദ്ദേശം ലഭിച്ചു.

(സർക്കാർ കത്ത് നം. ബി.1/208/2021/ആയുഷ്,തീയതി 26-6-2022)

ശിപാർശ

2210-02-102-97 – ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്

2210-02-102-97 -02-5– ദിവസവേതനം : 4.25 ലക്ഷം രൂപ

2210-02-102-97-12 – സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും : 1 കോടി രൂപ

കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജ് ആശുപത്രിയിലെ ദിവസവേതന ജീവനക്കാരുടെ കുടിശ്ശിക ശമ്പളം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും

സ്റ്റൈപ്പന്റുകളും എന്നിവ നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2210-02-102-97 -02-5- ദിവസവേതനം എന്ന ശീർഷകത്തിൽ 1.76 ലക്ഷം രൂപയും 2210-02-102-97-12 - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

**സർക്കാർ സ്വീകരിച്ച നടപടി**

2210-02-102-97 -02-5—<u>ദിവസവേതനം</u>

2019-20 സാമ്പത്തിക വർഷം ദിവസവേതന നിയമനം നടക്കാത്തതിനാൽ ഈ ഇനത്തിൽ തുക ആവശ്യമില്ല.

2210-02-102-97-12—<u>സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു. അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ 3776/എ 2/19/ജി.എച്ച്.എം.സി.റ്റി.(2) തീയതി 29-2-2020 സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ബി2/79/2020/ആയുഷ് തീയതി 8-10-2020 പ്രകാരം ടി തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനുള്ള നിർദ്ദേശം ലഭിച്ചു.

(സർക്കാർ കത്ത് നം. ബി.1/208/2021/ആയുഷ്,തീയതി 26-6-2022)

**ശിപാർശ**

2210-05-102-99 —<u>ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

2210-05-102-99 - 05-3—ടെലിഫോൺ ചെലവ്

2210-05-102-99 - 05-4—മറ്റിനങ്ങൾ

2210-05-102-99 -12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

2210-05-102-99 -21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

2210-05-102-99 -34-3—മറ്റിനങ്ങൾ

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, കോളേജിലെ ടെലിഫോൺ ചാർജ്ജ്, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി

നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2210-05-102-99-05-3—ടെലിഫോൺ ചാർജ്ജ് | : 55,000 രൂപ |
| 2210-05-102-99-05-4—മറ്റിനങ്ങൾ | : 53,000 രൂപ |
| 2210-05-102-99-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും | : 57.5 ലക്ഷം രൂപ |
| 2210-05-102-99-21-2—മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി | : 25,000 രൂപ |
| 2210-05-102-99-34-3—മറ്റിനങ്ങൾ | : 1 ലക്ഷം രൂപ |

(ഖണ്ഡിക 51)

**സർക്കാർ സ്വീകരിച്ച നടപടി**

2210-05-102-99-05-3—ടെലിഫോൺ ചാർജ്ജ്

ഈ ശീർഷകത്തിൽ 68,000 രൂപ ജി.ഒ.(ആർ.റ്റി.) നം. 110173/2019/ഫിൻ., തീയതി 26-12-2019 ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷനായി അനുവദിച്ചു.

2210-05-102-99-05-4— മറ്റിനങ്ങൾ

ഈ ശീർഷകത്തിൽ 50,000 രൂപ ജി.ഒ.(ആർ.റ്റി.) നം. 110173/2019/ഫിൻ., തീയതി 26-12-2019 ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷനായി അനുവദിച്ചു.

2210-05-102-99-12— സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു. അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ 2529/എ 2/19/ജി.എച്ച്.എം.സി.റ്റി., തീയതി 27-2-2020 പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ബി2/73/2020/ആയുഷ് തീയതി 15-5-2020 പ്രകാരം ടി തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിനുള്ള നിർദ്ദേശം ലഭിച്ചു.

2210-05-102-99-21-2— മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി

ധനപുനഃക്രമീകരണം വഴി തുക കണ്ടെത്തുന്നതിനുള്ള ഫണ്ട് 2019-20 സാമ്പത്തിക വർഷം ലഭ്യമല്ല എന്നുള്ള വിവരം അറിയിക്കുന്നു.

2210-05-102-99-34-3— മറ്റിനങ്ങൾ

ഈ ശീർഷകത്തിൽ 40,000 രൂപ ജി.ഒ.(ആർ.റ്റി.) നം. 110173/2019/ഫിൻ., തീയതി 26-12-2019 ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷനായി അനുവദിച്ചു.

(സർക്കാർ കത്ത് നം. ബി.1/208/2021/ആയുഷ്, തീയതി 26-6-2022)

**ശിപാർശ**

**ഹോംകോ**

2210-02-195-99—കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി (ക്ലിപ്തം) യ്ക്കുള്ള ധനസഹായം : 75 ലക്ഷം രൂപ

ഹോംകോയുടെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായ ഫാക്ടറി നിർമ്മാണം തുടങ്ങി വിവിധ പദ്ധതികൾക്കായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ ഹോംകോയുടെ വികസനത്തിനായി ആയിരം ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

**സർക്കാർ സ്വീകരിച്ച നടപടി**

2210-02-195-99 കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി (ക്ലിപ്തം) ധനസഹായം എന്ന ശീർഷകത്തിൽ 10 കോടി രൂപ ഹോംകോയ്ക്ക് ലഭ്യമായിട്ടില്ല. 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിക്കപ്പെടേണ്ട തുകയായ 75 ലക്ഷം രൂപ ഈ-ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റുകയും ആയത് അനുവദിച്ചത് ഹോംകോയുടെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായ HVAC Installation ന് വേണ്ടി ചെലവഴിക്കുകയും ചെയ്തു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ ട്രഷറിയിൽ നിന്നും സർക്കാർ പിൻവലിച്ച തുകയായ 3,47,47,924 രൂപയും 2019-20 സാമ്പത്തികവർഷം പുനർ അനുവദിച്ചു നൽകിയതും രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുമുണ്ട്. ടി തുക ഹോംകോയുടെ തനത് ഫണ്ടിൽ നിന്നും ചെലവാക്കിയ തുകയിൽ അഡ്ജസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നം. ബി.1/208/2021/ആയുഷ്,തീയതി 26-6-2022)

(ആയുഷ് വകുപ്പ് ലഭ്യമാക്കിയ 46,47,48,49,50,51,54 എന്നീ ഖണ്ഡികകളിലെ

ശിപാർശയിന്മേലുള്ള നടപടി പത്രിക 2-11-2022-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.)

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

സമിതി ഈ കാലയളവിൽ പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

വീണാ ജോർജ്ജ്
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
10-8-2023.

**അനുബന്ധം**

## 20-4-2022-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2022 ഏപ്രിൽ 20 -ാം തീയതി ബുധനാഴ്ച രാവിലെ 10.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ കോവിഡ് പ്രോട്ടോക്കോൾ മാനദണ്ഡങ്ങൾ പാലിച്ച് ബഹു. സമിതി ചെയർപേഴ്സണും, ആരോഗ്യ വനിതാ-ശിശുവികസന വകുപ്പ് മന്ത്രിയുമായ, ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി ഒ.എസ്. അംബിക, എം. എൽ. എ.
2. ശ്രീ. എ. പി. അനിൽകുമാർ, എം. എൽ. എ.
3. ശ്രീമതി സി.കെ. ആശ, എം. എൽ. എ.
4. ശ്രീ. പി. കെ. ബഷീർ, എം. എൽ. എ.
5. ശ്രീമതി ദെലീമ, എം. എൽ. എ.
6. ശ്രീ. ജോബ് മൈക്കിൾ, എം. എൽ. എ.
7. ശ്രീ. സുജിത് വിജയൻപിള്ള, എം. എൽ. എ.

<u>വീഡിയോ കോൺഫറൻസിംഗ് വഴി പങ്കെടുത്ത അംഗം:</u>

ശ്രീമതി കെ. കെ. രമ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. ആശ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
2. ഡോ. രാജൻ ഖൊബ്രഗഡെ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
3. ഡോ. രത്തൻ ഖേൽക്കർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ.
4. ഡോ. വി.ആർ. രാജു, ഡയറക്ടർ(ഇൻ-ചാർജ്) ഓഫ് ഹെൽത്ത് സർവ്വീസസ്.
5. ഡോ.ഹരികൃഷ്ണൻ തിരുമംഗലത്ത്, ഡയറക്ടർ ഓഫ് ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ.

6. ശ്രീ. ബി. സുരേന്ദ്രൻ പിള്ള, അഡീഷണൽ സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
7. ഡോ. പി. കൃഷ്ണകുമാർ, ഡയറക്ടർ, ഇംഹാൻസ്, കോഴിക്കോട്.
8. ഡോ. എ. റംലാ ബീവി, ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ്.
9. ഡോ. കെ.എസ്. പ്രിയ, ഡയറക്ടർ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
10. ഡോ. രേഖ എ. നായർ, ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം.
11. ഡോ. സതീശൻ ബി., ഡയറക്ടർ, മലബാർ കാൻസർ സെന്റർ, കണ്ണൂർ
12 ഡോ. എം.എൻ. വിജയാംബിക, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
13. ശ്രീ. വിജയകുമാർ. എസ്., ജോയിന്റ് സെക്രട്ടറി, ആയുഷ് വകുപ്പ്.
14. ഡോ. സജീദ് എ., അഡീഷണൽ ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം.
15. ശ്രീ. ഹരികുമാർ എസ്, ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള.
16. ഡോ. ബിജോയ് ഇ., ജോയിന്റ് ഡയറക്ടർ (ഓപ്പറേഷൻസ്), സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള.
17. ശ്രീമതി ബിന്ദു എ.ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്.
18. ഡോ. സി.കെ. ജഗദീശൻ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്.
19. ഡോ. എച്ച്. വീണാ സരോജി, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്.
20. ശ്രീ. വി. ആർ. വിനോദ്, ഫുഡ് സേഫ്റ്റി കമ്മീഷണർ
21. ഡോ. റ്റി.കെ. ഹൃദീക്, സി.ഇ.ഒ., സ്റ്റേറ്റ് മെഡിസിൻ പ്ലാന്റ്സ് ബോർഡ്.
22. ഡോ. ശ്രീറാം. വി., മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ.
23. ശ്രീമതി സുനീജാ ബീഗം.എം., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
24. ശ്രീ. ടോമി ഡെന്നീസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഐക്കോൺസ്.
25. ശ്രീ. പി. എം. ജയൻ, ഡ്രഗ്സ് കൺട്രോളർ (ഇൻ-ചാർജ്ജ്), ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്.
26. ശ്രീ. എം. മോനി, ഡെപ്യൂട്ടി ഡയറക്ടർ, (പി.എഫ്.എ.), കമ്മീഷണറേറ്റ് ഓഫ് ഫുഡ് സേഫ്റ്റി.

27. ശ്രീമതി വിജി. വി. വിജയ്, ഫിനാൻസ് ഓഫീസർ, കമ്മീഷണറേറ്റ് ഓഫ് ഫുഡ് സേഫ്റ്റി.

28. ശ്രീമതി ലതാ കുമാരി, കൺട്രോളർ ഓഫ് ഫിനാൻസ്, ഔഷധി.

വീഡിയോ കോൺഫറൻസിംഗ് വഴി പങ്കെടുത്ത ഉദ്യോഗസ്ഥർ:

1. ഡോ. പി. കെ. ജബ്ബാർ, ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്, തിരുവനന്തപുരം.

2. ശ്രീ. രാജേഷ് കെ. പി., ഫിനാൻസ് ഓഫീസർ, കേരള ആരോഗ്യ ശാസ്ത്രസർവ്വകലാശാല.

സമിതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന XVIII, XIX, XX, XXX എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XVIII-ലെ അധിക തുക ആവശ്യപ്പെട്ട പദ്ധതി/ പദ്ധതിയേതര ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും അധിക തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു.

02 - 04—കൺസോളിഡേറ്റഡ് പേ (നോൺപ്ലാൻ)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ആശാ തോമസ് ധനാഭ്യർത്ഥനകളെക്കുറിച്ചും അധികതുക ആവശ്യപ്പെടുന്നതിന്റെ കാരണങ്ങളും സമിതിക്ക് വിശദമാക്കി. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 186.1707 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ബോണ്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന Junior residents, Senior Residents, Lecturer എന്നീ വിഭാഗം ജീവനക്കാർക്ക് 02-04 കൺസോളിഡേറ്റ് പേ എന്ന ശീർഷകത്തിൽ നിന്നാണ് വേതനം നൽകുന്നതെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. 8-07-2019-ലെ 101/2019/H&FWD,സർക്കാർ ഉത്തരവുപ്രകാരം Junior residents, Senior Residents, Lecturer എന്നീ വിഭാഗം ജീവനക്കാരുടെ ശമ്പള വർദ്ധനവ് നടപ്പിലാക്കിയതിന്റെ ഫലമായി ഉണ്ടായേക്കാവുന്ന വർദ്ധനവും കോവിഡ് സാഹചര്യത്തിൽ കൂടുതൽ സീനിയർ റസിഡന്റ്, ജൂനിയർ റസിഡന്റ്, NAJR അസിസ്റ്റന്റ് പ്രൊഫസർ എന്നിവരെ നിയമിച്ചതും കണക്കിലെടുത്ത് 2.1032 കോടി രൂപ അധികമായി അനുവദിക്കണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയോട് ആവശ്യപ്പെട്ടു. അധികമായി ആവശ്യപ്പെട്ട തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യാമെന്ന് ചെയർപേഴ്സൺ അറിയിച്ചു.

12—<u>സ്കോളർഷിപ്പ് & സ്റ്റൈപ്പെന്റ് (നോൺ പ്ലാൻ)</u>

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 275.1034 കോടി രൂപ അപര്യാപ്തമാണെന്നും 2019 മുതൽ സർക്കാർ നടപ്പിലാക്കിയ സ്റ്റൈപ്പെന്റിന്റെ വർദ്ധനവുമൂലം അധികതുക ആവശ്യമാണെന്നും ആയതിനാൽ 2.1337 കോടി രൂപ അധികമായി അനുവദിക്കുണമെന്നുള്ള വകുപ്പിന്റെ ആവശ്യം സമിതി അംഗീകരിച്ചു.

24—<u>സാധനസാമഗ്രികൾ (മെറ്റീരിയൽസ് & സപ്ലൈസ്) (നോൺ പ്ലാൻ)</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് Oxygen, മറ്റ് ജീവൻ രക്ഷാ മരുന്നുകൾ, പാൽ, ബ്രെഡ് എന്നിവയുടെ ബില്ലുകൾ മാറിനൽകുന്നത് '24-Materials&supplies'എന്ന ശീർഷകത്തിൽ നിന്നാണ്. കൂടാതെ മെഡിക്കൽ കോളേജുകളിൽ രോഗികളുടെ എണ്ണം വർദ്ധിച്ചതും കോവിഡ് മഹാമാരി പടർന്നു പിടിച്ചതും ഈ ശീർഷകങ്ങളിലെ ചെലവ് വർദ്ധിപ്പിച്ചു. ആയതിനാൽ 22.829 കോടി രൂപ അധികമായി അനുവദിക്കണമെന്ന് വകുപ്പ് ആവശ്യപ്പെടുകയും സമിതി ആയത് അംഗീകരിക്കുകയും ചെയ്തു.

ചികിത്സയുമായി ബന്ധപ്പെട്ട് ഓക്സിജൻ എന്നത് ഓക്സിജൻ പ്ലാന്റാണോ എന്ന് സമിതി ആരാഞ്ഞതിന് ആശുപത്രിക്കാവശ്യമായ ഓക്സിജൻ ഉൽപ്പാദിപ്പിക്കുന്നത് കൂടാതെ വാങ്ങിക്കുകയും ചെയ്യുന്നുണ്ട് എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. പ്രധാനമന്ത്രിയുടെ സ്കീമിലുൾപ്പെടുത്തിയും മറ്റ് സി.എസ്.ആർ. ഫണ്ടുകളുപയോഗിച്ചും സംസ്ഥാനത്ത് ഓക്സിജൻ പ്ലാന്റുകൾ ആരംഭിക്കാൻ അനുവദിച്ചിട്ടുണ്ടായിരുന്നെന്നും ഇത് സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പൂർത്തീകരിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം എസ്. എ. റ്റി.-യിൽ മാത്രമാണ് ഇനി സ്ഥാപിക്കാനുള്ളത് എന്നും ബഹു. ചെയർപേഴ്സൺ അറിയിച്ചു.

05-01—<u>വെള്ളക്കരം (നോൺ പ്ലാൻ)</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ വെള്ളക്കരത്തിനായി അനുവദിച്ചിട്ടുള്ള 26.6375 കോടി രൂപ അപര്യാപ്തമായതിനാൽ 20.4685 കോടി രൂപ അധികമായി അനുവദിക്കണമെന്ന് വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. കൂടാതെ മെഡിക്കൽ കോളേജുകളിൽ ആശുപത്രി പരിചരണവുമായി ബന്ധപ്പെട്ട് വെള്ളം അത്യന്താപേക്ഷിതമാണെന്നും 58 കോടി രൂപ വെള്ളക്കരം കുടിശ്ശിക അടച്ച് തീർക്കേണ്ടതുണ്ടെന്നും വകുപ്പ് സമിതിയെ അറിയിക്കുകയും ആവശ്യപ്പെട്ട അധിക തുക ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

**ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകൾ**

ബഡ്ജറ്റ് വിഹിതം (പ്ലാൻ)

4210-03-105-66 -10 കോടി രൂപ

4210-03-105-65 -5 കോടി രൂപ

4210-03-105-41 -5 കോടി രൂപ

മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ, ആശുപത്രി കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകൾ, റസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമ്മാണത്തിലെ സിവിൽ, ഇലക്ട്രിക്കൽ മെക്കാനിക്കൽ വർക്കുകൾ എന്നിവയ്ക്കായി അപര്യാപ്തമാണ്. ആയതിനാൽ ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജിനായി താഴെപ്പറയുന്ന തുക അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4210-03-105-66 - 10 കോടി രൂപ

4210-03-105-65 -3 കോടി രൂപ

4210-03-105-41 -10.5076 കോടി രൂപ

**ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി**

4210-03-105-63-01 - 10 കോടി രൂപ (പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ റസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമ്മാണത്തിലെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകളുടെ പൂർത്തീകരണത്തിനും മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുമായി അധിക തുക ആവശ്യമാണെന്ന് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ അറിയിക്കുകയും 33.32 കോടി രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-05-105-48-34-3—സർക്കാർ ദന്തൽ കോളേജ്, ആലപ്പുഴ - മറ്റു ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 3.5809 കോടി രൂപ (പ്ലാൻ)

ആലപ്പുഴ സർക്കാർ ദന്തൽ കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-28—മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന സഹായം (പ്ലാൻ)

2210-05-105-28-03—നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ബേൺസ് ഇൻജ്വറീസ് (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

2210-05-105-28-07—കപ്പാസിറ്റി ബിൽഡിംഗ് ഫോർ ഡെവലപ്പിംഗ് ട്രോമാകെയർ ഫെസിലിറ്റീസ് ഇൻ ഗവൺമെന്റ് ഹോസ്പിറ്റൽസ് ലൊക്കേറ്റഡ് ഓൺ നാഷണൽ ഹൈവേസ് (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

2210-05-105-28-11—സ്ട്രെങ്ത്തനിംഗ്/അപ്ഗ്രഡേഷൻ ഓഫ് ഫാർമസി ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ പ്രോഗ്രാം ഫോർ ഫാക്കൽറ്റി ആന്റ് പ്രാക്ടീസിംഗ് ഫാർമസിസ്റ്റ് (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം ഇല്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും മേൽ സൂചിപ്പിച്ചിട്ടുള്ള ശീർഷകങ്ങളിൽ വകുപ്പ് ആവശ്യപ്പെട്ട തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഡ്ജറ്റ് വിഹിതമില്ലാത്ത മേൽപ്പറഞ്ഞ ശീർഷകത്തിൽ 70 ശതമാനം പണി പൂർത്തിയാക്കിയതെങ്ങനെയെന്ന് സമിതി ആരായുകയും പ്രസ്തുത പ്രവർത്തികൾക്കായുള്ള കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഫസ്റ്റ് ഇൻസ്റ്റാൾമെന്റ് തുക ചെലവാക്കിയിട്ടുണ്ടെന്നും ഇനി ആവശ്യപ്പെടുന്നത് സംസ്ഥാന സർക്കാരിന്റെ സെക്കന്റ് ഇൻസ്റ്റാൾമെന്റാണെന്നും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 60% വിഹിതം ലഭ്യമാകുമ്പോൾ ബഡ്ജറ്റിൽ തുക വകയിരുത്തേണ്ട ആവശ്യമുണ്ടോയെന്ന് സമിതി ആരായുകയും, പ്രസ്തുത പദ്ധതി രണ്ട് മൂന്ന് വർഷം മുൻപ് 100% സെൻട്രലി സ്പോൺസേർഡ് സ്കീമിൽ ഉൾപ്പെടുത്തിയിരുന്നതിനാൽ ബഡ്ജറ്റിൽ തുക വകയിരുത്തേണ്ട ആവശ്യമില്ലായിരുന്നുവെന്നും നിലവിൽ കേന്ദ്രവിഹിതം 60% ആയതിനാലാണ് 40% സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തേണ്ടിവരുന്നതെന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. നിലവിലെ ഈ ശീർഷകങ്ങളിൽ സംസ്ഥാന വിഹിതം ആവശ്യപ്പെടേണ്ടിയിരുന്നുവെന്നും അടുത്തപ്രാവശ്യം മുതൽ അങ്ങനെ ചെയ്യാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു.

**കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല**

2210-05-001-93(31)—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല - സഹായധനം - ശമ്പളം, 2210-05-001-93-36—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല - സഹായധനം - ശമ്പളേതരം എന്നീ നോൺ പ്ലാൻ ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ ആവശ്യപ്പെട്ട തുക അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-001-93-35—മൂലധന ആസ്തികളും രൂപീകരണത്തിനുള്ള സഹായധനം എന്ന പ്ലാൻ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 26.01263 കോടി രൂപ അധികമായി അനുവദിക്കണമെന്ന് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഫിനാൻസ് ഓഫീസർ സമിതിയോട് ആവശ്യപ്പെട്ടു.

ഈ ശീർഷകത്തിലെ മുൻ വർഷത്തെ ബഡ്ജറ്റ് വിഹിതമായ 10 കോടി രൂപയിൽ 6.2734 കോടി രൂപയാണോ ചെലവഴിച്ചത് എന്ന് സമിതി ആരാഞ്ഞതിന് 8.51 കോടി രൂപ മാത്രമേ മുൻ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായിട്ടുള്ളൂ എന്നും തൃപ്പൂണിത്തുറയിലെ ആയുർവ്വേദ റിസർച്ച് സെന്ററിൽ എക്വിപ്മെന്റ് ലാബ് സ്ഥാപിക്കുന്നതിനായി 2.23 കോടി രൂപയുടെ ഓർഡർ കൊടുത്തിരുന്നുവെന്നും പ്രസ്തുത ഓർഡർ ലഭിക്കുന്നതിനുമുമ്പ് മാർച്ച് 31-ന് തുക റെസ്യൂം ചെയ്തു പോയതിനാൽ ഇപ്രാവശ്യത്തെ അലോക്കേഷനിൽ അതും കൂടി ഉൾപ്പെടുത്തിയതിനാലാണ് 36.0126 കോടി രൂപ ആവശ്യപ്പെട്ടതെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

2017-18-ൽ 22.60 കോടി രൂപയും 2018-19-ൽ 24.5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുവെങ്കിലും 2020-21 മുതൽ 10 കോടി രൂപ മാത്രമാണ് വകയിരുത്തി വരുന്നതെന്നും അതിൽ തന്നെ 6.2734 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും സമിതി വിലയിരുത്തി.

2018-19-ൽ 24.5 കോടി രൂപ അനുവദിച്ചത് ചെലവഴിക്കാത്തതുകൊണ്ടാണോ പിന്നീട് വിഹിതം 10 കോടി രൂപയായി ചുരുങ്ങിയതെന്ന് ബഹു. സമിതി അദ്ധ്യക്ഷ ധനകാര്യ വകുപ്പിനോട് ആരാഞ്ഞപ്പോൾ ചെലവഴിക്കുന്ന തുകയെ അടിസ്ഥാനപ്പെടുത്തിയാണ് ഓരോ വർഷവും വിഹിതം അനുവദിക്കുന്നതെന്നും സാമ്പത്തിക നിയന്ത്രണമുണ്ടായിരുന്നതിനാലും അനുവദിക്കുന്ന തുകയിൽ കുറവ് വന്നിട്ടുണ്ടെന്ന് ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി മറുപടി നൽകി. കൂടാതെ 10 കോടി രൂപ അനുവദിച്ചതിനോടൊപ്പം 2 കോടി രൂപ അഡീഷണൽ ആതറൈസേഷൻ ആയി കൊടുത്തിരുന്നുവെന്നും അതിനാലാണ് 8.51 കോടി രൂപ ചെലവഴിച്ചതെന്നും ഡെപ്യൂട്ടി സെക്രട്ടറി കൂട്ടിച്ചേർത്തു.

പ്രസ്തുത തുക അഡീഷണൽ ആതറൈസേഷൻ അല്ലായെന്നും നോൺ ക്യാപിറ്റൽ റീ-അപ്രോപ്രിയേഷനായിരുന്നുവെന്നും 12 കോടി രൂപയുടെ അഡീഷണൽ ആതറൈസേഷൻ

ആവശ്യപ്പെട്ടെങ്കിലും 6.97 കോടി രൂപയുടെ അഡീഷണൽ ആതറൈസേഷൻ മാത്രമാണ് ലഭിച്ചതെന്നും 5.03 കോടി രൂപ നേരത്തെ ചെയ്ത വർക്കിലേക്ക് തനത് ഫണ്ട് ചെലവാക്കിയതിന്റെ റീഇംപ്മെന്റായാണ് നൽകിയതെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

10 കോടി രൂപയുടെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 26.0126 കോടി രൂപ കൂടി അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്**

2210-01-200-93-31—58.29 ലക്ഷം രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ സഹായധനം- ശമ്പളം എന്ന നോൺ പ്ലാൻ ശീർഷകത്തിൽ അധിക തുക വകുപ്പ് ആവശ്യപ്പെടുകയും പ്രസ്തുത തുക അനുവദിക്കാൻ ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് Spinal Muscular Astrophy (SMA) എന്ന അപൂർവ്വരോഗത്തെക്കുറിച്ച് സമിതി ചർച്ച നടത്തി. ഇത്തരത്തിലുള്ള രോഗികളുടെ എണ്ണം ദിനംപ്രതി കൂടിവരികയാണെന്ന് സമിതി വലയിരുത്തുകയും കൂടാതെ രോഗബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവിനും ഭീമമായ തുക ആവശ്യമാണെന്നും സമിതി വിലയിരുത്തി.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ക്രൗഡ് ഫണ്ടിംഗ് നടത്തുന്നതിനായി വകുപ്പുതലത്തിൽ തുടക്കം കുറിച്ചിട്ടുണ്ടെന്നും നിലവിൽ 400 ഓളം ആളുകൾക്ക് ഈ രോഗം ബാധിച്ചിട്ടുണ്ടെന്നും ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു. കൂടാതെ 2 വയസ്സിന് താഴെയുള്ള കുട്ടികൾക്കാണ് നിലവിൽ മരുന്ന് നൽകുന്നതെന്നും മരുന്ന് ചെലവേറിയതാണെന്നും ചർച്ചയിൽ പറഞ്ഞു.

മലപ്പുറം, കണ്ണൂർ ജില്ലകളിലെ ലോക്കൽ കമ്മിറ്റികൾ ക്രൗഡ് ഫണ്ടിംഗിലൂടെ സമാഹരിച്ച പണം പ്രത്യേക അക്കൗണ്ട് ഓപ്പൺ ചെയ്ത് അതിൽ നിക്ഷേപിക്കേണ്ടതാണെന്നും പ്രസ്തുത തുക മറ്റൊരു രോഗ ചികിത്സയ്ക്കു വേണ്ടിയും ഉപയോഗിക്കാൻ പാടില്ല എന്ന് നിർദ്ദേശമുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരളത്തിൽ എസ്.എ.ടി.-യിലും തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലും Centre of Excellence സ്ഥാപിക്കണമെന്ന് ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാരിന് കത്തെഴുതിയിട്ടുണ്ടെന്നും ക്രൗഡ് ഫണ്ടിംഗിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഒരു പദ്ധതി ആരംഭിച്ചുവെന്നും ഇന്ത്യയിൽ അപൂർവ്വരോഗ ബാധിതരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഫണ്ടും Centre of Excellence വഴി നമുക്ക് ഉപയോഗിക്കാൻ

കഴിയുമെന്നും മേൽപ്പറഞ്ഞ മൂന്ന് സെന്ററുകളും പ്രവർത്തനം ആരംഭിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ക്രൗഡ് ഫണ്ടിംഗിലൂടെ നമുക്ക് ഫണ്ട് ലഭ്യമാകുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചു.

**ആരോഗ്യ വകുപ്പ്**

മറ്റുള്ള ഡിപ്പാർട്ടുമെന്റുകളെ അപേക്ഷിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പിനു ലഭിച്ച നോൺപ്ലാൻ വിഹിതം 100 ശതമാനവും ചെലവഴിക്കാൻ കഴിഞ്ഞു എന്നുള്ളത് നേട്ടമായി കാണുന്നുവെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക മുഴുവനും ചെലവഴിച്ച ആരോഗ്യ വകുപ്പിനെ നിയമസഭയിൽ നടത്തിയ ചർച്ചാവേളയിൽ അഭിനന്ദിച്ചിരുന്നുവെന്ന കാര്യം ബഹു. സമിതി അംഗം അനുസ്മരിക്കുകയും സമിതി ചെയർപേഴ്സൺ അഭിനന്ദനത്തിന് നന്ദി അറിയിക്കുകയും ചെയ്തു.

2210-06-101-10-02—<u>ഇന്ത്യ കോവിഡ്-19 എമർജൻസി റെസ്പോൺസ് ആന്റ് ഹെൽത്ത് സിസ്റ്റം തയ്യാറെടുപ്പ് പാക്കേജ് : (സംസ്ഥാന വിഹിതം)ഘട്ടം II (ECRP-II) (60% CSS) (പ്ലാൻ)</u>

ബഡ്ജറ്റ് വിഹിതം : ഇല്ല.

2021-22 സാമ്പത്തിക വർഷം ECRP-II-ൽ അനുവദിച്ച തുകയിൽ കേന്ദ്ര വിഹിതം മാത്രമാണ് സംസ്ഥാനം അനുവദിച്ചത്. ആയതിനാൽ സംസ്ഥാന വിഹിതമായ 57.97 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-01-110-99-01-4—<u>ആശുപത്രികളും ഡിസ്പെൻസറികളും-ശമ്പളം-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്</u>

2210-01-110-99-34-2—<u>ആശുപത്രികളും ഡിസ്പെൻസറികളും-മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്</u>

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-01-110-99-01-4 - 1.625 കോടി രൂപ

2210-01-110-99-34-2 - 5.7221 കോടി രൂപ

നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2210-01-110-99-01-4 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും 2210-01-110-99-34-2 എന്ന ശീർഷകത്തിൽ 5 കോടി രൂപയും അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-03-103-99-01-4—<u>പ്രാഥമിക ആരോഗ്യ യൂണിറ്റുകളും ആരോഗ്യ കേന്ദ്രങ്ങളും-ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-03-110-99-05-2—<u>ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്</u>

2210-03-110-99-34-2—<u>ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ-മറ്റ് ചെലവുകൾ-വൈദ്യുതി ചെലവ്</u>

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-03-110-99-05-2 : 8.56 ലക്ഷം രൂപ

2210-03-110-99-34-2 : 1 ലക്ഷം രൂപ

നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2210-03-110-99-05-2 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും 2210-03-110-99-34-2 എന്ന ശീർഷകത്തിൽ 70 ലക്ഷം രൂപയും അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-003-97-02-4—<u>വിവിധോദ്ദേശ ജോലിക്കാരുടെ പരിശീലനം-വേതനം</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

കോവിഡ് മഹാമാരി മൂലം അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ച JHI/JPHN-മാർക്ക് ശമ്പളം നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 5.70 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XX**

**ശുദ്ധജലവിതരണവും ശുചീകരണവും**

2215-02-105-99-01-4—ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ-ശമ്പളം - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്നും 1.2 കോടി രൂപ അധികമായി വേണമെന്ന് വകുപ്പ് അറിയിക്കുകയും പ്രസ്തുത തുക അനുവദിക്കാൻ ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ, കഴിഞ്ഞ സാമ്പത്തിക വർഷം 5 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമായിട്ടില്ലെന്ന് സമിതി കണ്ടെത്തുകയും ആയതിനെപ്പറ്റി ആരായുകയും ചെയ്തു. മാർച്ച് മാസം തന്നെ ഫണ്ട് ലഭിച്ചിരുന്നുവെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 2022 മാർച്ച് 16 വരെയുള്ള വിവരങ്ങളാണ് രേഖകളിൽ ലഭ്യമായിട്ടുള്ളതെന്നും സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിൽ വരുന്ന റിപ്പോർട്ട് അപ്ഡേറ്റായിരിക്കണമെന്നും അക്കാര്യത്തിൽ വീഴ്ചയുണ്ടാവാൻ പാടില്ല എന്നും സമിതി അറിയിച്ചു.

**ധനാഭ്യർത്ഥന നമ്പർ XVIII**

**(വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും)**

2210-01-110-85-17—മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം - ചെറുകിട - മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതത്തിന് പുറമേ ആവശ്യപ്പെട്ട 1.3875 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. കൂടാതെ ഈ വിഷയത്തെപ്പറ്റി 235 (എ) പ്രകാരം ഒരു യോഗം ചേരാവുന്നതാണെന്നും സമിതി അദ്ധ്യക്ഷ അഭിപ്രായപ്പെട്ടു.

**നാഷണൽ ഹെൽത്ത് മിഷൻ (NHM)**

2210-06-101-19—ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60 : 40)

2210-06-101-19-02—ദേശീയ ആരോഗ്യ ദൗത്യം (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 350 കോടി രൂപ (പ്ലാൻ)

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം single nodal account എന്ന പുതിയ ഫണ്ട് മാനേജ്മെന്റ് സംവിധാനത്തിലേയ്ക്ക് മാറിയതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ കേന്ദ്ര വിഹിതത്തിനും സംസ്ഥാന വിഹിതത്തിനും മതിയായ തുക ഉണ്ടെന്ന് ഉറപ്പാക്കണമെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം ഉള്ളതിനാൽ, കേന്ദ്ര ഫണ്ട് വിഹിതം 21 ദിവസത്തിനകവും സംസ്ഥാന വിഹിതം 40 ദിവസത്തിനകവും നാഷണൽ ഹെൽത്ത് മിഷന്റെ single nodal account ലേയ്ക്ക് കൈമാറണമെന്നതിനാൽ ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ ഫണ്ട് ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം കേന്ദ്ര വിഹിതം അനുവദിക്കില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 329.57 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-101-13—<u>കോവിഡ് 19 നിയന്ത്രണത്തിനും നിർവഹണത്തിനും ദേശീയ ആരോഗ്യ മിഷൻ നൽകുന്ന ധനസഹായം (പ്ലാൻ)</u>

ബഡ്ജറ്റ് വിഹിതം : ഇല്ല.

2021-22 സാമ്പത്തിക വർഷം ECRP-I ൽ അനുവദിച്ച 48.82 കോടി രൂപ സംസ്ഥാനം അനുവദിക്കാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായ 48.82 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഈ വിഷയത്തിൽ സംസ്ഥാനവിഹിതമില്ലാതെ കേന്ദ്രവിഹിതം മാത്രമെടുത്ത് ചെലവഴിച്ച സാഹചര്യത്തിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാൻ കഴിയുമോയെന്ന് സമിതി അംഗം ആരാഞ്ഞതിന് 60:40 അനുപാതത്തിലാണ് തുക ചെലവഴിക്കുന്നതെന്നും മാർച്ച് അവസാന വാരം സംസ്ഥാന വിഹിതം ലഭ്യമായി എന്നും, ഇപ്പോൾ ആവശ്യപ്പെടുന്നത് സംസ്ഥാന സർക്കാരിന്റെ സെക്കന്റ് ഇൻസ്റ്റാൾമെന്റ് തുകയാണെന്നും, സ്റ്റേറ്റ് മിഷൻ ഡയറക്ടർ (NHM) അറിയിച്ചു.

2210-01-110-68-34—<u>സമഗ്ര മാനസികാരോഗ്യ പദ്ധതി- മറ്റു ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

പദ്ധതിയുടെ നടത്തിപ്പിനും വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനും അന്തേവാസികൾക്ക് ഭക്ഷണം നൽകുന്നതിനും ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ 1.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-110-40—<u>ജില്ലാ മാനസികാരോഗ്യ പരിപാടി</u>

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

ജില്ലാ മാനസിക ആരോഗ്യ പരിപാടിയ്ക്ക് ജില്ലാ തലങ്ങളിൽ ഓഫീസ് സംവിധാനം ആരംഭിക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIX

### കുടുംബക്ഷേമം

2211-00-101-95—<u>സബ്സെന്ററുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി 60:40)</u>

ബഡ്ജറ്റ് വിഹിതം : 292.7435 കോടി രൂപ (പ്ലാൻ)

ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധികമായി ആവശ്യപ്പെട്ട 200 കോടി രൂപ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

2210-06-800-80,2210-06-800-81—<u>പ്രധാന മന്ത്രി ജന ആരോഗ്യയോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധ</u>തി - സംസ്ഥാന പദ്ധതി, <u>സംസ്ഥാന വിഹിതം</u>

ബഡ്ജറ്റ് വഹിതം : 500 കോടി രൂപ (പ്ലാൻ)

പ്രസ്തുത ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധികമായി ആവശ്യപ്പെട്ട 400 കോടി രൂപ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. ഈ പദ്ധതിയിൽ 774 ആശുപത്രികളാണ് ആകെയുള്ളതെന്നും അതിൽ 199 എണ്ണം സർക്കാർ ആശുപത്രികളാണ് എന്നും സമിതി ചെയർപേഴ്സൺ സമിതിയെ അറിയിച്ചു.

### റീജിയണൽ കാൻസർ സെന്റർ

2210-05-105-52-31—<u>പ്രാദേശിക അർബുദ ചികിത്സാകേന്ദ്രം - സഹായധനം - ശമ്പളം</u>

ബഡ്ജറ്റ് വഹിതം : 42.0726 കോടി രൂപ (പ്ലാൻ)

നിലവിൽ കാൻസർ സെന്ററുകൾ നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്നും ഗവൺമെന്റ് ഉത്തരവനുസരിച്ച് കാരുണ്യ പദ്ധതിയിൽ റീജിയണൽ കാൻസർ സെന്റർ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും മരുന്നിന്റെ വിലയും രോഗികളുടെ എണ്ണവും വർദ്ധിക്കുന്ന സാഹചര്യത്തിൽ ഒരു വർഷം ബഡ്ജറ്റ് വിഹിതത്തിലുള്ളതിനേക്കാൾ പലമടങ്ങ് തുക വിവിധ ആവശ്യങ്ങൾക്കായി ആവശ്യമുണ്ടെന്നുമുള്ള വിവരങ്ങൾ പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു. ആർ.സി.സി.-യുടെ കഴിഞ്ഞ വർഷത്തെ എക്സ്പെൻഡിച്ചർ 225 കോടിരൂപയായിരുന്നുവെന്നും 65 കോടി രൂപ മാത്രമാണ് സാലറി, നോൺസാലറി ഇനത്തിൽ ലഭിച്ചതെന്നും എക്സ്പെൻഡിച്ചറിൽ പ്ലാൻ ഫണ്ടിൽ നിന്നുള്ള എക്സ്പെൻഡിച്ചർ ഉൾപ്പെടാറില്ല. എന്നും ഡ്രഗ്സിനും കെമിക്കൽസിനുമായി 95 കോടി രൂപയാണ് കഴിഞ്ഞ വർഷം ചെലവായതെന്നും അതിൽ 21 കോടി രൂപ മാത്രമാണ് ലഭിച്ചതെന്നും ഡയറക്ടർ

സമിതി മുൻപാകെ വിശദീകരിക്കുകയും 57.9774 കോടി രൂപ അധികമായി ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് അധികമായി ആവശ്യപ്പെട്ട തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ലഭിച്ച റിപ്പോർട്ടുകളിൽ ഏറ്റവും നല്ലത് നൽകിയിട്ടുള്ളത് ആർ.സി.സി.-യും മലബാർ കാൻസർ സെന്ററുമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

**നീണ്ടകരയിലെ ആർ.സി.സി.-യുടെ പെരിഫറൽ സെന്ററിന് ധനസഹായം**
**മലബാർ കാൻസർ സെന്റർ.**

2210-05-200-97—നീണ്ടകരയിലെ ആർ.സി.സി.-യുടെ പെരിഫറൽ സെന്ററിന് ധനസഹായം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-200-97-31—സഹായധനം-ശമ്പളം- 25.51 ലക്ഷം രൂപ

2210-05-200-97-36—സഹായധനം-ശമ്പളേതരം - 9.90 ലക്ഷം രൂപ

നീണ്ടകരയിലുള്ള ആർ.സി.സി.-യുടെ പെരിഫറൽ സെന്ററിന് പദ്ധതിയേതര ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ. താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-200-97-31 - 4.49 ലക്ഷം രൂപ

2210-05-200-97-36 - 10.10 ലക്ഷം രൂപ

**മലബാർ കാൻസർ സെന്റർ**

2210-05-200-96—മലബാർ കാൻസർ സെന്ററിനു സഹായം

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 16.8 കോടി രൂപ

36 —സഹായധനം - ശമ്പളേതരം - 11.2 കോടി രൂപ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

31— സഹായധനം - ശമ്പളം - 6.1194 കോടി രൂപ

36—സഹായധനം - ശമ്പളേതരം - 5.2785 കോടി രൂപ

മലബാർ കാൻസർ സെന്റർ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ പൂർത്തികരണത്തിനായും മറ്റു ചെലവുകൾക്കും മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 18.818 കോടി രൂപ പ്ലാൻ ഫണ്ടിലും

7.334848 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

തിരുവനന്തപുരം, മലബാർ, കൊച്ചി എന്നീ കാൻസർ സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ആയതിനാൽ മരുന്നുകൾ, മെഷീനുകൾ എന്നിവ വാങ്ങുന്നതിന് ദൗർലഭ്യം നേരിടുന്നു. ആയത് പരിഹരിക്കുന്നതിനായി പദ്ധതിയിനത്തിൽ ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്**

2210-80-190-99-36 - 356.4 കോടി രൂപ (നോൺപ്ലാൻ)

നിലവിൽ പ്രസ്തുത സ്ഥാപനത്തിന് മരുന്ന് വാങ്ങിയ ഇനത്തിൽ മുൻകാല കുടിശ്ശികയുണ്ട്. കുടിശ്ശിക കൊടുത്തു തീർത്തില്ലെങ്കിൽ ആരോഗ്യപരിപാലനത്തിന്റെ ഗുണനിലവാരത്തെ സാരമായി ബാധിക്കുമെന്നും ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ സമിതിയെ അറിയിച്ചതിനെ തുടർന്ന് ബഡ്ജറ്റ് വിഹിതത്തിനു പുറമേ ആവശ്യപ്പെട്ട 507.68 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത, വൈക്കം നിയോജകമണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയെക്കുറിച്ച് ബഹു. സമിതി അംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്, ആശുപത്രിയ്ക്ക് കെട്ടിടമുണ്ടെന്നും എക്വിപ്മെന്റ്സിനും മറ്റാവശ്യങ്ങൾക്കുമുള്ള തുക പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്താൻ ശിപാർശ ചെയ്യാമെന്നും ചെയർപേഴ്സൺ മറുപടി നല്കി.

കിഫ്ബി പദ്ധതികളിൽ സിവിൽ വർക്കുകൾ പൂർത്തിയാക്കിയ ആശുപത്രികളുടെ ടെക്നിക്കൽ വർക്കുകൾ ഡി.എച്ച്.എസ്.എസ്.-ന്റെ സഹായത്തോടെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്നുമുള്ള ബഹു. സമിതി അംഗത്തിന്റെ ചോദ്യത്തിന് മറുപടിയായി അതിനുള്ള സൗകര്യം ഏർപ്പെടുത്താമെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

മാനസിക ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതുണ്ടെന്നും മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും നിലവിലുള്ള ബെഡ്സ്ട്രെങ്ങ്തിനെക്കാൾ അംഗങ്ങൾ കൂടുതൽ ആണെന്നും രോഗം ഭേദമായവരെ പലരേയും ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല എന്നും ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു. രോഗം ഭേദമായവരെ പുനരധിവസിപ്പിക്കുന്നതിനും കാൻസർ സെന്ററുകൾക്കും മാനസിക ആരോഗ്യ

കേന്ദ്രങ്ങൾക്കുമായി പ്രത്യേക ശിപാർശ സമിതിയുടേതായി ഉണ്ടാകത്തക്ക രീതിയിൽ ഒരു യോഗം ചേരേണ്ടതിന്റെ ആവശ്യകത സമിതി അദ്ധ്യക്ഷ യോഗത്തിൽ സൂചിപ്പിച്ചു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

2210-06-101-53—പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി.

പ്രസ്തുത ശീർഷകത്തിൽ ഈ വർഷം ബഡ്ജറ്റ് വിഹിതമില്ലാത്തതിന്റെ കാരണമന്താണെന്ന് ബഹു. സമിതി ചെയർപേഴ്സൺ വകുപ്പിനോടാരായുകയും, പ്രസ്തുത ശീർഷകത്തെ SHA (State Health Agency)-യുടെ കീഴിലേക്ക് കൊണ്ടുവരികയായിരുന്നുവെന്നും ആയതിനാലാണ് ബഡ്ജറ്റ് വിഹിതം നൽകാത്തതെന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 3.1562 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഡ്രഗ്സ് കൺട്രോൾ വകുപ്പ്**

2210-06-104-99—ഔഷധനിയന്ത്രണ കാര്യാലയം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-06-104-99-06— വാടക, കരം, നികുതി - 8.80 ലക്ഷം രൂപ

2210-06-104-99-45—പി.ഒ.എൽ. - 1.65 ലക്ഷം രൂപ

ഔഷധനിയന്ത്രണ കാര്യാലയത്തിലെ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ കുടിശ്ശിക തുക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-104-99-06 - 30 ലക്ഷം രൂപ

2210-06-104-99-45 - 9 ലക്ഷം രൂപ

2210-06-104-98— മരുന്നു പരിശോധനാശാല

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-06-104-98-05-1 —ഓഫീസ് ചെലവുകൾ-വെള്ളക്കരം- 11,000 രൂപ

2210-06-104-98-06—വാടക, കരം, നികുതി - 99,000 രൂപ

എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ വെള്ളക്കരം, വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക്

നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-104-98-05-1 - 70,000 രൂപ

2210-06-104-98-06 - 9 ലക്ഷം രൂപ

തന്റെ നിയോജക മണ്ഡലത്തിൽ ദിവസം മുഴുവൻ പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ സ്റ്റോർ ഇല്ല എന്ന ആരോപണത്തിന് ഫാർമസികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടെന്നും നിലവിൽ എല്ലാ ഹോസ്പിറ്റലുകളിലും 24 മണിക്കൂറും ഫാർമസി പ്രവർത്തിക്കുന്നുണ്ടെന്നും ഡ്രഗ്സ് കൺട്രോളർ സമിതിയെ അറിയിച്ചു.

**ഭക്ഷ്യസുരക്ഷാ വകുപ്പ്**

2210-06-107-98-24—<u>ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം - സാധനസാമഗ്രികൾ</u>

ബഡ്ജറ്റ് വിഹിതം : 66.47 ലക്ഷം രൂപ (പ്ലാൻ)

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ പ്രവർത്തിച്ചുവരുന്ന 4 മേഖലാ ലബോറട്ടറികളും ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും ഉണ്ട്. കൂടാതെ ഭക്ഷ്യപരിശോധനാ ലബോറട്ടറികളിലേയ്ക്ക് സാമ്പിൾ പരിശോധനയ്ക്ക് ആവശ്യമായ രാസവസ്തുക്കൾ, മൈക്രോ ബയോളജി പരിശോധനയ്ക്ക് ആവശ്യമായ രാസവസ്തുക്കൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 45.23 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-107-98-34-3—<u>ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം-മറ്റു ചെലവുകൾ-മറ്റിനം</u>

ബഡ്ജറ്റ് വിഹിതം : 48.89 ലക്ഷം രൂപ (പ്ലാൻ)

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ ലാബുകളിൽ ചെറുകിട ഉപകരണങ്ങൾ വാങ്ങുന്നതിനും ലബോറട്ടറിയിലെ ഗ്ലാസ്‌വെയറുകൾ, മറ്റ് ലബോറട്ടറി ഉപകരണങ്ങൾ എന്നിവ യഥാസമയം കാലിബ്രേറ്റ് ചെയ്യുന്നതിനും മറ്റ് ചെലവിലേയ്ക്കുമായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.54 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-102-99-05-2—<u>ഭക്ഷ്യകാര്യഭരണം-ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്</u>

ബഡ്ജറ്റ് വിഹിതം : 6.30 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും അതിനു കീഴിലുള്ള 14 ജില്ലാ കാര്യാലയങ്ങളിലും സാമ്പിൾ പരിശോധനകളടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വൈദ്യുതി ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ആയതിലേയ്ക്ക് 6.20 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2210-06-102-99—<u>ഭക്ഷ്യകാര്യഭരണം</u>

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-102-99-06—<u>വാടക, കരം, നികുതി- 10 ലക്ഷം രൂപ</u>

2210-06-102-99-34-3—<u>മറ്റു ചെലവുകൾ-മറ്റിനം- 9.15 ലക്ഷം രൂപ</u>

ഭക്ഷ്യസുരക്ഷാ എൻഫോഴ്മെന്റ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളുടെയും കെട്ടിടങ്ങളുടെയും ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെ പറഞ്ഞിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-06-102-99-06—8.5 ലക്ഷം രൂപ

2210-06-102-99-34-3—12.9 ലക്ഷം രൂപ

2210-06-107-98-05-2—<u>ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം - ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്</u>

ബഡ്ജറ്റ് വിഹിതം : 24.10 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ലബോറട്ടറികളും പത്തനംതിട്ട ജില്ലയിൽ ശബരിമല വഴിപാട് നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, കുടിവെള്ളം എന്നിവയുടെ പരിശോധനയുമായി ബന്ധപ്പെട്ട് ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിൽ NABL അക്രഡിറ്റേഷൻ ലാബുകളും പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടി വരുന്നതിനാൽ വൈദ്യുത ഉപഭോഗം വർദ്ധിച്ചു വരുന്ന

സാഹചര്യത്തിൽ, 12.4 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-107-98-05-3—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം - ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 39,000 രൂപ (നോൺ പ്ലാൻ)

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ലാബുകൾക്കും FSSAI അനുശാസിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുമായുള്ള ടെലിഫോൺ/ബ്രോഡ്ബാന്റ് ചെലവിനത്തിനും തടസമില്ലാത്ത ഇന്റർനെറ്റ് സേവനത്തിനായും നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ നടപ്പ് വർഷം 51,000 രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-107-98-06—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി തിരുവനന്തപുരം - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 59,000 രൂപ (നോൺ പ്ലാൻ)

പത്തനംതിട്ട ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ഭക്ഷ്യ പരിശോധനാ ലാബ്, കണ്ണൂർ ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന മേഖലാ ലാബ് എന്നിവയുടെ വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.31 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഐക്കോൺസ്**

2210-05-105-36—ജ്ഞാനഗോചര ആശയവിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടിയുള്ള സൊസൈറ്റി(സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്സോർഡേഴ്സ്) - സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

: 2.4114 കോടി രൂപ (നോൺ പ്ലാൻ)

വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള ചെലവിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ പ്ലാൻ ശീർഷകത്തിലും 4.8433 കോടി രൂപ അധികമായും അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഇന്ത്യയിലെ ഏറ്റവും നല്ലൊരു സ്ഥപനമായ ഐക്കോൺസ് നശിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി അവിടെ ഒരു സന്ദർശനം നടത്തണമെന്ന് സമിതി അംഗം അഭിപ്രായപ്പെടുകയും ആയത് സന്ദർശിക്കാമെന്ന് ചെയർപേഴ്സൺ മറുപടി നൽകുകയും ചെയ്തു.

**ഇംഹാൻസ്**

2210-05-200-95—മാനസിക ആരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-200-95-31 - സഹായധനം-ശമ്പളം- 3 കോടി രൂപ

2210-05-200-95-36 - സഹായധനം-ശമ്പളേതരം- 13.51 ലക്ഷം രൂപ

ഇംഹാൻസിലെ വിദ്യാർത്ഥികൾക്ക് 2021-22, 2022-23 എന്നീ വർഷങ്ങളിൽ സ്റ്റൈപ്പന്റ് നൽകുന്നതിനും മാനസിക ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വിദ്യാർത്ഥികൾക്ക് സെമിനാറുകൾ നടത്തുന്നതിനും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക അപര്യാപ്തമായതിനാൽ. താഴെ പറഞ്ഞിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-200-95-31 - 31.56 ലക്ഷം രൂപ

2210-05-200-95-36 - 40.39 ലക്ഷം രൂപ

പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന രീതി വിശദീകരിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങളുമായി ചർച്ച നടത്തണമെന്നും അവരുടെ CSR ഫണ്ട് ഇവിടെ വിനിയോഗിക്കാൻ സാധിക്കുമെന്നും ബഹു. സമിതി അംഗം അഭിപ്രായപ്പെട്ടു.

**ശിശുവികസനകേന്ദ്രം**

2210-05-105-50-31—ശിശുവികസന സെന്റർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം-സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.251 കോടി രൂപ (നോൺ പ്ലാൻ)

ശിശുവികസന കേന്ദ്രത്തിൽ ശമ്പളം നൽകുന്നതിനായി, നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 47.43 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ആയുഷ് വകുപ്പ്**

കഴിഞ്ഞ സാമ്പത്തിക വർഷം ആയുഷ് വകുപ്പിന് അനുവദിച്ച 117 കോടി രൂപയിൽ 86.94 കോടി രൂപ ചെലവഴിച്ചതിനാൽ expenditure 75 ശതമാനമാണെന്നും ആയുഷിന്റെ കീഴിൽ എൻ.എ.എം (നാഷണൽ ആയുഷ് മിഷൻ) ഉൾപ്പെടെ 4 വകുപ്പുകൾ കൂടിയുണ്ട് എന്നും ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ആയുഷ് വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ ശീർഷകങ്ങൾ ചർച്ച ചെയ്യുകയും അധികമായി വകുപ്പ് ആവശ്യപ്പെട്ട തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു. ആയുഷ് വകുപ്പുമായി ബന്ധപ്പെട്ട വിവിധ ശീർഷകങ്ങളും ആവശ്യപ്പെട്ട തുകയും ചുവടെ ചേർക്കുന്നു.

**ഭാരതീയ ചികിത്സാ വകുപ്പ്**

2210-02-001-91—ആരോഗ്യ വിവരങ്ങളുടെ നടത്തിപ്പ് ക്രമം (എച്ച്.ഐ.എം.എസ്.)

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

എല്ലാ ആശുപത്രികളിലും ഇ-ഹോസ്പിറ്റൽ സംവിധാനം നടപ്പിലാക്കുന്നതിനും അനുബന്ധ സജ്ജീകരണങ്ങൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 13 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-74—ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, ജില്ലയിലെ സ്പോർട്സ് യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിനും പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-66—ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും നവീകരണവും

ബഡ്ജറ്റ് വിഹിതം : 24 കോടി രൂപ (പ്ലാൻ)

പ്രൊപ്പോസലിൽ ആവശ്യപ്പെട്ട പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് അനുവദിച്ച ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.94 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-65—<u>ജീവനിയും പുനർനവയും</u>

ബഡ്ജറ്റ് വിഹിതം : 95 ലക്ഷം രൂപ (പ്ലാൻ)

ജീവനി (Diabetic mellitus) പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിലേയും പുനർനവ (Strokes Management) പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും 2.05 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

4210-04-190-98—<u>കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) ഓഹരി മൂലധന വിഹിതം</u>

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

മാലിന്യ സംസ്കരണ പ്ലാന്റിന്റെ വിപുലീകരണത്തിനും ഫയർ ഫൈറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.5 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-74—<u>ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല</u>

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-02-101-74-05-2—ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ് - 1000 രൂപ

2210-02-101-74-05-3—ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്- 1000 രൂപ

കേരള സ്പോർട്സ് ആയുർവേദ ആശുപത്രിയിലെ വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ് എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെ പറയുന്ന ശീർഷകങ്ങൾക്ക നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-74-05-2 - 1 ലക്ഷം രൂപ

2210-02-101-74-05-3 - 5000 രൂപ

2210-02-192-50—<u>മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള ധനസഹായം -റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 45.26 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-196-50—<u>ജില്ലാ പരിഷത്തുകൾ/ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 67.20 ലക്ഷം രൂപ (നോൺ പ്ലാൻ)

മുനിസിപ്പാലിറ്റി, പഞ്ചായത്ത് പരിധികളിൽ വരുന്ന ആയുർവേദ ആശുപത്രികളിൽ ഒരു ദിവസം നിശ്ചിത എണ്ണം രോഗികളെ ചികിത്സിക്കാനുള്ള സൗകര്യമുണ്ടെന്നും അവർക്ക് ഭക്ഷണം നൽകേണ്ടതായിട്ടുണ്ടെന്നും എന്നാൽ ഈ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

2210-02-192-50 - 25 ലക്ഷം രൂപ

2210-02-196-50 - 30 ലക്ഷം രൂപ

2210-04-192-50—<u>മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള ധനസഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 45,000 രൂപ (നോൺ പ്ലാൻ)

2210-04-198-50—<u>വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>

ബഡ്ജറ്റ് വിഹിതം : 1.12 ലക്ഷം രൂപ (നോൺ പ്ലാൻ)

മുനിസിപ്പാലിറ്റി, വില്ലേജ് പഞ്ചായത്ത് ശീർഷകങ്ങളിൽ വരുന്ന ഗ്രാന്റ് വൈദ്യൻമാരുടെ പ്രതിമാസ ഗ്രാന്റ് നൽകുന്നതിനായി നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിൽ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-04-192-50 - 30,000 രൂപ

2210-04-198-50 - 1.30 ലക്ഷം രൂപ

## ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-05-101-79-34—ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ-മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 3.737 കോടി രൂപ (പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക ആശുപത്രിയുടെയും സ്കീമുകളുടെയും പ്രവർത്തനത്തിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-69-35—കേരള ആയുർവ്വേദ പഠന ഗവേഷണ ധനസഹായം, കോട്ടയ്ക്കൽ മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 1.3475 കോടി രൂപ (പ്ലാൻ)

ആയുർവേദ കോളേജിന്റെയും ആശുപത്രിയുടെയും ആയുർവേദ പഠന സൗകര്യ വികസനത്തിനായും, നിർമ്മാണ പ്രവർത്തികളുടെ പൂർത്തീകരണത്തിനും വിവിധ വിഭാഗങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനും കോളേജ് ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനും നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.621 കോടിരൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4210-03-101-93—ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

പുതിയ കെട്ടിടങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ തുടങ്ങി വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-99-01-4—കോളേജ് ആശുപത്രികളും പ്രസവവാർഡും, തിരുവനന്തപുരം - ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : 2.63 ലക്ഷം രൂപ (നോൺ പ്ലാൻ)

ആയുർവേദ കോളേജ് ആശുപത്രിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്ന മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-99-02-1—കോളേജ് ആശുപത്രികളും പ്രസവവാർഡും, തിരുവനന്തപുരം -വേതനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 9.17 ലക്ഷം രൂപ (നോൺ പ്ലാൻ)

ആയുർവേദ കോളേജ് ആശുപത്രിയിൽ പുതിയ ബ്ലോക്കിലേക്ക് കരാർ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-99—കോളേജ് ആശുപത്രികളും പ്രസവവാർഡും, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-101-99-05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം-8.10 ലക്ഷം രൂപ

2210-02-101-99-05-3 —ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്-59,000 രൂപ

തിരുവനന്തപുരത്തെ സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ പുതിയ പേ വാർഡ് കെട്ടിടം പ്രവർത്തനക്ഷമമായതുകൊണ്ടുണ്ടായ വെള്ളക്കരം-കുടിശ്ശിക, ടെലിഫോൺ ചെലവ് എന്നീ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തുന്നതിനായി ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-99-05-1—വെള്ളക്കരം-25 ലക്ഷം രൂപ

2210-02-101-99-05-3—ടെലിഫോൺ ചെലവ്-40,000 രൂപ

2210-02-101-99-06—കോളേജ് ആശുപത്രികളും പ്രസവവാർഡും, തിരുവനന്തപുരം - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ആയുർവേദ കോളേജ് ആശുപത്രിയിൽ പുതിയ പേ വാർഡ് കെട്ടിടത്തിന്റെ പ്രോപ്പർട്ടി ടാക്സ് ഒടുക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-99-45—<u>കോളേജ് ആശുപത്രികളും പ്രസവവാർഡും, തിരുവനന്തപുരം -പി. ഒ. എൽ.</u>

ബഡ്ജറ്റ് വിഹിതം : 55,000 രൂപ (നോൺ പ്ലാൻ)

ആയുർവേദ കോളേജ് ആശുപത്രിയിൽ ടെലിഫോൺ ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 55,000 രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-98—<u>കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ (നോൺ പ്ലാൻ)</u>

]2210-02-101-98-02-1 —വേതനം-ശമ്പളം - 2.28 ലക്ഷം രൂപ

2210-02-101-98-02-4—വേതനം- കൺസോളിഡേറ്റഡ് പേ - 55.22 ലക്ഷം രൂപ

ശമ്പളപരിഷ്കരണം നടപ്പിലാക്കിയതിനാലും പല കാരണങ്ങളാൽ ഉണ്ടായ ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതിനാലും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-98-02-1 - ശമ്പളം -80,000 രൂപ

2210-02-101-98-02-4 - കൺസോളിഡേറ്റഡ് പേ - 13.81 ലക്ഷം രൂപ

2210-02-101-98—<u>കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ</u>

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-101-98-04-1 -യാത്രാ ചെലവുകൾ- യാത്രാബത്ത - 19000 രൂപ

2210-02-101-98-04-2 - യാത്രാ ചെലവുകൾ- സ്ഥലംമാറ്റ ബത്ത -4000 രൂപ

ഗസറ്റഡ്/നോൺ ഗസറ്റഡ് ജീവനക്കാരുടെ ഔദ്യോഗിക യാത്രാ ആവശ്യങ്ങൾക്കും സ്ഥലംമാറ്റ യാത്ര ആവശ്യങ്ങൾക്കും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-98-04-1 -യാത്രാബത്ത - 10,000 രൂപ

2210-02-101-98-04-2 - സ്ഥലംമാറ്റ ബത്ത - 20,000 രൂപ

2210-02-101-98-05-4—കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ.

ബഡ്ജറ്റ് വിഹിതം : 98,000 രൂപ (നോൺ പ്ലാൻ)

ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിലെ പലവിധ ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-98-18—കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ - സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 18,000 രൂപ (നോൺ പ്ലാൻ)

ആംബുലൻസിന്റെയും ലിഫ്റ്റുകളുടെയും റിപ്പയർ വർക്കുകൾക്ക് നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-98-21-2—കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ആംബുലൻസിന്റെ വിവിധ റിപ്പയർ വർക്കുകൾ, സി.എഫ്. ടെസ്റ്റ് എന്നിവയ്ക്ക് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30,000 രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-98—കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ.

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-101-98-34-1 -മറ്റ് ചെലവുകൾ - വെള്ളക്കരം - 10 ലക്ഷം രൂപ

2210-02-101-98-34-2 - മറ്റ് ചെലവുകൾ - വൈദ്യുതി ചെലവ് - 29.76 ലക്ഷം രൂപ

2210-02-101-98-34-3 - മറ്റ് ചെലവുകൾ - മറ്റിനം - 1.45 ലക്ഷം രൂപ

ആശുപത്രിയിലെ വെള്ളക്കരം, വൈദ്യുതി ചെലവ്, മറ്റ് ചെലവുകൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-02-101-98-34-1 -വെള്ളക്കരം - 5 ലക്ഷം രൂപ

2210-02-101-98-34-2 - വൈദ്യുതി ചെലവ് - 14 ലക്ഷം രൂപ

2210-02-101-98-34-3 - മറ്റിനം - 1 ലക്ഷം രൂപ

2210-02-101-96-04-4—ആയുർവ്വേദ ഫാർമസി - യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം.

ബഡ്ജറ്റ് വിഹിതം : 11,000 രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-96-05-1—ആയുർവ്വേദ ഫാർമസി - ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 48,000 രൂപ (നോൺ പ്ലാൻ)

മുൻ സാമ്പത്തിക വർഷത്തിൽ കുടിശ്ശിക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-96-24—ആയുർവ്വേദ ഫാർമസി - സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 63.75 ലക്ഷം രൂപ (നോൺ പ്ലാൻ)

അസംസ്കൃത മരുന്നുകളുടെ കുടിശ്ശിക തുക അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-94-05-1—ഔഷധസസ്യ പഠന കേന്ദ്രം - ഓഫീസ് ചെലവുകൾ -വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 30,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഔഷധ സസ്യ പഠന കേന്ദ്രത്തിന്റെ വെള്ളക്കര കുടിശ്ശികയ്ക്ക് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-93-24—ഔഷധ ഗുണമേന്മ നിജപ്പെടുത്തൽ കേന്ദ്രം-സാധന സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 2.16 ലക്ഷം രൂപ (നോൺ പ്ലാൻ)

പ്രസ്തുത ശീർഷകത്തിൽ കെമിക്കൽ വാങ്ങുന്നതിന് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-85—പഞ്ചകർമ്മ ആശുപത്രിയുടെ വികസനം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-02-101-85-02-1-വേതനം-ശമ്പളം - 3.51 ലക്ഷം രൂപ

2210-02-101-85-05-1-ഓഫീസ് ചെലവുകൾ- വെള്ളക്കരം - 1.02 ലക്ഷം രൂപ

പഞ്ചകർമ്മ ആശുപത്രിയിലെ ജീവനക്കാരുടെ ശമ്പളം, വെള്ളക്കരം, എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്ക നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-85-02-1 – 61,000 രൂപ

2210-02-101-85-05-1 – 10 ലക്ഷം രൂപ

2210-02-101-78—ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-02-101-78-01-4 - ശമ്പളം - മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് -50,000 രൂപ

2210-02-101-78-02-5 - വേതനം -ദിവസവേതനം-16.13 ലക്ഷം രൂപ

കണ്ണൂർ ഗവ. ആയുർവ്വേദ ആശുപത്രിയിലെ ജീവനക്കാരുടെ ശമ്പളം, ദിവസവേതനം എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്ക നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-02-101-78-01-4 - 5.60 ലക്ഷം രൂപ

2210-02-101-78-02-5 - 8.87 ലക്ഷം രൂപ

2210-02-101-78-05-2—ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ-ഓഫീസ് ചെലവുകൾ വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 5.67 ലക്ഷം രൂപ (നോൺ പ്ലാൻ)

വൈദ്യുതി ചാർജ്ജിനത്തിൽ നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.33 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-96—ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ (നോൺ പ്ലാൻ)

തൃപ്പൂണിത്തുറ ആയുർവ്വേദ മെഡിക്കൽ കോളേജിൽ, വേതന ഇനത്തിലും കുട്ടികളുടെ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, ഇന്ധന ചെലവിലേയ്ക്കുമായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

| | | |
|---|---|---|
| 2210-05-101-96-02-01 | - | 2.1 കോടി രൂപ |
| 2210-05-101-96-06 | - | 50,000 രൂപ |
| 2210-05-101-96-12 | - | 1.93 കോടി രൂപ |
| 2210-05-101-96-21-2 | - | 1 ലക്ഷം രൂപ |
| 2210-05-101-96-45 | - | 50,000 രൂപ |

2210-05-101-95—ആയുർവ്വേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം (നോൺ പ്ലാൻ)

തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിൽ വേതനം, അവധിയാത്രാനുകൂല്യം, വെള്ളക്കരം എന്നീ ഇനങ്ങളിലും കുട്ടികൾക്കായി അനുവദിച്ച സ്റ്റൈപ്പെൻഡും സ്കോളർഷിപ്പും, കൺസോളിഡേറ്റഡ് പേ, അവധി യാത്രാനുകൂല്യം, വെള്ളക്കരം എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

| | | |
|---|---|---|
| 2210-05-101-95-02-1 | - | 5 ലക്ഷം രൂപ |
| 2210-05-101-95-02-4 | - | 60 ലക്ഷം രൂപ |

2210-05-101-95-04-4 - 2 ലക്ഷം രൂപ

2210-05-101-95-05-1 - 50 ലക്ഷം രൂപ

2210-05-101-95-05-4 - 3 ലക്ഷം രൂപ

2210-05-101-95-12 - 5.9 കോടി രൂപ

2210-05-101-95-24—ആയുർവ്വേദ മെഡിക്കൽ കോളേജ് തിരുവനന്തപുരം-സാധന സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 2.34 ലക്ഷം രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-95-34-3—ആയുർവ്വേദ മെഡിക്കൽ കോളേജ് തിരുവനന്തപുരം-മറ്റു ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 13,000 രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-93-05-1—ആയുർവ്വേദ ഗവേഷണ കേന്ദ്രം-ഓഫീസ് ചെലവുകൾ- വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 54,000 രൂപ (നോൺ പ്ലാൻ)

മുൻ സാമ്പത്തിക വർഷം കുടിശ്ശികയുള്ളതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-79—ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ (നോൺ പ്ലാൻ)

കണ്ണൂർ, ഗവൺമെന്റ് ആയുർവ്വേദ കോളേജുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

| | | |
|---|---|---|
| 2210-05-101-79-01 | - | 2.1664 കോടി രൂപ |
| 2210-05-101-79-02 | - | 1.92 ലക്ഷം രൂപ |
| 2210-05-101-79-02-4 | - | 30 ലക്ഷം രൂപ |
| 2210-05-101-79-05-2 | - | 3.65 ലക്ഷം രൂപ |
| 2210-05-101-79-05-3 | - | 86,000 രൂപ |
| 2210-05-101-79-06 | - | 50,000 രൂപ |
| 2210-05-101-79-12 | - | 2 കോടി രൂപ |

2210-05-101-66—കോട്ടയ്ക്കൽ ആയുർവ്വേദ മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നേരിട്ട് നൽകുന്നതിന് (നോൺ പ്ലാൻ)

കോട്ടയ്ക്കൽ, ആയുർവ്വേദ മെഡിക്കൽ കോളേജിലെ വെള്ളക്കരം, സാധനസാമഗ്രികൾ, കുട്ടികൾക്കുള്ള സ്കോളർഷിപ്പ് & സ്റ്റൈപ്പെൻഡ് എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-05-101-66-05-2 | - | 19 ലക്ഷം രൂപ |
| 2210-05-101-66-12 | - | 69.89 ലക്ഷം രൂപ |
| 2210-05-101-66-24 | - | 30 ലക്ഷം രൂപ |

**ഹോമിയോപ്പതി വകുപ്പ്**

2210-02-102-75—ഹോമിയോപ്പതി വകുപ്പിന്റെ നിലവാരം ഉയർത്തലും നവീകരണവും

ബഡ്ജറ്റ് വിഹിതം : 7.5 കോടി രൂപ (പ്ലാൻ)

കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരുന്ന മുഴുവൻ തുകയും ലഭിക്കാത്തതിനാലും, ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാലും 20 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-102-74-34—<u>ഹോമിയോപ്പതി വകുപ്പിൽ ആരോഗ്യപാലനവും പ്രത്യേക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളും-മറ്റു ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : 7.05 കോടി രൂപ (പ്ലാൻ)

5 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**നാഷണൽ മിഷൻ ഓൺ ആയുഷ്-ഹോമിയോ (NAM)**

2210-02-102-73-02—<u>ദേശീയ ആയുഷ് ദൗത്യം-ഹോമിയോ (കേന്ദ്രാവിഷ്കൃതം 60:40) (സംസ്ഥാന വിഹിതം)</u>

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

നാഷണൽ ആയുഷ് മിഷന്റെ കേന്ദ്ര വിഹിതത്തിലുള്ള വർദ്ധനയ്ക്ക് ആനുപാതികമായി സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിനും സംസ്ഥാനത്ത് അനുവദിച്ച, ആയുഷ്മാൻ ഭാരത്, ആയുഷ് ഹെൽത്ത് & വെൽനസ്സ് സെന്ററുകളുടെ ടാർജറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 13.10 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഹോമിയോപ്പതി വിദ്യാഭ്യാസ വകുപ്പ്**

2210-02-102-97-19—<u>ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട് -യന്ത്രോപകരണങ്ങൾ.</u>

ബഡ്ജറ്റ് വിഹിതം : 4.40 ലക്ഷം രൂപ (പ്ലാൻ)

കോഴിക്കോട് ഹോമിയോ കോളേജ് ആശുപത്രിയിൽ, ക്ലിനിക്കൽ ലാബിലേക്കുള്ള ഹെമറ്റോളജി അനലൈസർ സ്ഥാപിക്കുന്നതിന് തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 2.60 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-102-97-34-3—<u>ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട് മറ്റു ചെലവുകൾ - മറ്റിനം</u>

ബഡ്ജറ്റ് വിഹിതം : 62.70 ലക്ഷം രൂപ (പ്ലാൻ)

കോഴിക്കോട് ഹോമിയോ കോളേജ് ആശുപത്രിയിൽ, പുതിയ ഹോസ്പിറ്റൽ ബിൽഡിംഗിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിന് ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4210-03-102-99—<u>ഹോമിയോ മെഡിക്കൽ കോളേജ്, കോളേജ് ആശുപത്രികൾ, കോളേജ് ഹോസ്റ്റൽ തിരുവനന്തപുരം, സ്ഥലമെടുപ്പ് കെട്ടിടങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പി.ജി. & പി.എച്ച്.ഡി. സെന്റർ, കളിസ്ഥലം എന്നിവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4210-03-102-97—<u>ഹോമിയോപ്പതി നേഴ്സിംഗ്/ഫാർമസി കോളേജ് ശക്തിപ്പെടുത്തൽ</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

ഫാർമസി കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ സാഹചര്യത്തിൽ, അവസാനഘട്ട പ്രവർത്തനങ്ങൾക്കായി 70 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-102-98—<u>ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം (നോൺ പ്ലാൻ)</u>

തിരുവനന്തപുരം ഹോമിയോ കോളേജ് ആശുപത്രിയിൽ ശമ്പളം, വീട്ടുവാടക അലവൻസ്, യാത്രാചെലവുകൾ, സ്ഥലംമാറ്റ ബത്ത എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ അനുവദിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-02-102-98-01-3 - 7.21 ലക്ഷം രൂപ

2210-02-102-98-04-2 - 46,000 രൂപ

2210-02-102-97-05—<u>ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട് -ഓഫീസ് ചെലവുകൾ (നോൺ പ്ലാൻ)</u>

കോഴിക്കോട് ഹോമിയോ കോളേജ് ആശുപത്രിയിൽ, പെർമനന്റ് അഡ്വാൻസ്, മറ്റ് ഓഫീസ് ചെലവുകൾ, ആശുപത്രി ബ്ലോക്കിലെ ജനറേറ്ററിൽ ഡീസൽ അടിക്കുന്നതിനും അടക്കമുള്ള ചെലവുകൾക്കും, സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-102-97-05-4 - 22,000 രൂപ

2210-02-102-97-05-12 - 27 ലക്ഷം രൂപ

2210-05-102-99-01-4—ഹോമിയോപ്പതി മെഡിക്കൽ കോളേജ് തിരുവനന്തപുരം

ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : 30,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ പെൻഡിംഗ് ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-102-99—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ടെലിഫോൺ ചാർജ്ജ്, ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-05-102-99-05-3 - 70,000 രൂപ

2210-05-102-99-05-4 - 1 ലക്ഷം രൂപ

2210-05-102-99—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം(നോൺ പ്ലാൻ)

തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്റ്റൈപ്പന്റ്, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇൻഷ്വറൻസ്, ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-102-98—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട് (നോൺ പ്ലാൻ)

ഹോമിയോപ്പതി മെഡിക്കൽ കോളേജിന്റെ വേതനം, ദിവസവേതനം, സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും തുടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് സമിതി തിരുമാനിച്ചു.

2210-05-102-98-02-5 - 23.69 ലക്ഷം രൂപ

2210-05-102-98-12 - 60.8 ലക്ഷം രൂപ

2210-05-102-88-12—<u>സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന് - സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും</u>

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (നോൺ പ്ലാൻ)

സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലേക്ക് സ്റ്റൈപ്പെന്റ് വിതരണം ചെയ്യുന്നതിനായി 2021-22 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 2.0680 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഹോംകോ**

2210-02-195-99-36—<u>കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി (ക്ലിപ്തം) - സഹായധനം-ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

മുൻ സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച തുകകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. കൂടാതെ ഹോംകോയുടെ തനത് ഫണ്ട് മുഴുവനായും പുതിയ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനത്തിനായി ഉപയോഗപ്പെടുന്നത് ആശാസ്യമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**സംസ്ഥാന ഔഷധ സസ്യബോർഡ്**

2210-05-101-60—<u>സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്</u>

നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും ഈ സാമ്പത്തിക വർഷം പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടെന്നും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ പഠന വിധേയമാക്കുക, പ്രാദേശിക പ്രകൃതി സാഹചര്യങ്ങൾക്കനുസരിച്ച് പ്രകൃതിദുരന്ത സാധ്യതയുള്ള പ്രദേശങ്ങളെ പ്രത്യേകം സജ്ജമാക്കുക, സംസ്ഥാനത്തെ ആശുപത്രികൾ കാർബൺ ന്യൂട്രൽ ആക്കുക എന്നിവയ്ക്കുവേണ്ടി സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് വഴി ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും ആയതിനാൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് വകുപ്പ് സെക്രട്ടറി അഭ്യർത്ഥിച്ചതിൻ പ്രകാരം ആവശ്യപ്പെട്ട അധിക തുക ലഭിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രളയം വന്ന സമയത്ത് ഫണ്ട് വെട്ടിക്കുറച്ചതുകാരണം പല പദ്ധതികളും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലായെന്നും നേരത്തെ അനുവദിച്ച പദ്ധതികളിലെ തുക പോലും മുഴുവനായും ലഭിച്ചിട്ടില്ലായെന്നും അത്യാവശ്യമുള്ള തുകയെങ്കിലും ലഭിച്ചാൽ മാത്രമേ പല പദ്ധതികളും തുടങ്ങാൻ സാധിക്കുകയുള്ളൂ എന്നും ഉചിതമായ ഒരു തീരുമാനം ഈ വിഷയത്തിൽ സമിതി കൈക്കൊള്ളണമെന്നും പ്ലാന്റ്സ് ബോർഡ് സി.ഇ.ഒ. സമിതിയിൽ അഭ്യർത്ഥിച്ചത് പരിഗണിക്കാമെന്ന് ബഹു. സമിതി ചെയർപേഴ്സൺ മറുപടി നൽകി.

സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യമേഖലയെ ശക്തിപ്പെടുത്താനും ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച നാഷണൽ ആയുഷ് മിഷൻ പദ്ധതിയെപ്പറ്റിയും അതിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു. പ്രസ്തുത പദ്ധതിക്ക് സംസ്ഥാന വിഹിതത്തിനനുസൃതമായിട്ടുള്ള വിഹിതം കേന്ദ്രഗവൺമെന്റും നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും നിലവിൽ നാലുതരത്തിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആയവ ചുവടെ ചേർക്കുന്നു.

1. കേരളത്തിലെ 80% സ്ത്രീകളും കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നത് സിസേറിയനിലൂടെയാണ്. നോർമൽ ഡെലിവറി സാധ്യമാകാൻ എന്താണ് ചെയ്യേണ്ടതെന്നും ആയുർവ്വേദ ചികിത്സയും യോഗയും ചെയ്യുന്നതിലൂടെ പരിഹാരം കണ്ടെത്താൻ സാധിക്കുമോയെന്നും പഠനം നടക്കുന്നുണ്ട്.

2. കേരളത്തിൽ അണുകുടുംബം വർദ്ധിച്ചുവരുന്നതിനാൽ നവജാതശിശുക്കളുടെയും അവരുടെ അമ്മമാരുടെയും പരിചരണം പ്രതിസന്ധിയിലായിരിക്കുകയാണ്. ടി വിഷയം ചൂഷണം ചെയ്തുകൊണ്ട് പല ഏജൻസികളും പാക്കേജുമായി രംഗത്തുണ്ട്. 65000-75000 രൂപയുടെ പാക്കേജാണ് ഇവർ കൊണ്ടുവന്നിട്ടുള്ളത്. അതിന് സർക്കാർ തലത്തിൽ എന്തുചെയ്യാൻ കഴിയുമെന്നാണ് ആലോചിക്കുന്നത്.

3. പതിമൂന്നിനും പത്തൊമ്പതിനും മദ്ധ്യേ പ്രായമുള്ള കുട്ടികളിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന പ്രവണത കൂടി വരുന്നു. ഹോർമോൺ വ്യതിയാനം സംഭവിക്കുമ്പോൾ ചില കുട്ടികളിൽ കാണുന്ന പ്രവണതയാണ് ഇത്. അവർക്കുവേണ്ട ബോധവൽക്കരണം നടത്തി ജീവിതത്തിലേക്ക് തിരികെക്കൊണ്ടുവരുന്ന പദ്ധതികളും ആലോചനയിലുണ്ട്.

4. റിട്ടയർമെന്റ് കഴിഞ്ഞ എഞ്ചിനീയർമാരുൾപ്പെടെയുള്ളവരുടെ സേവനമുപയോഗിച്ച് വീടുകളിൽ ഒതുങ്ങിക്കൂടുന്ന അവസ്ഥയിൽ നിന്നും പെൻഷൻ പറ്റിയവരെയും അവശതകൾ അനുഭവിക്കുന്ന മറ്റുള്ളവരെയും പൊതുധാരയിൽ കൊണ്ടുവന്ന് അവരെ കർമ്മനിരതരാക്കാൻ കഴിയത്തക്കവിധം യോഗയും കൗൺസിലിംഗും ഉൾപ്പെടെയുള്ളവ

നൽകി അവർക്കുവേണ്ട പ്രചോദനം നൽകാനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ഇങ്ങനെ നാല് തരത്തിലുള്ള പദ്ധതികളെ ഒരുമിച്ച് ഒരു പദ്ധതിയിൻകീഴിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ് എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി യോഗത്തിൽ വിശദീകരിച്ചു.

തുടർന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറി അനീമിയയെക്കുറിച്ച് സംസാരിച്ചു. ഗർഭിണികൾ, കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരിലാണ് ഈ അവസ്ഥ കൂടുതലായി കണ്ടുവരുന്നതെന്നും ഫോളിക് ആസിഡ് അടങ്ങിയ ഭക്ഷ്യ വസ്തുക്കൾ ആഹാരത്തിൽ ഉൾപ്പെടുത്തുകയും അതിനോടൊപ്പം തന്നെ ആയുർവ്വേദ മരുന്നുകളും കൂടി ഉൾപ്പെടുത്തിയാൽ ഈ വിഷയത്തിന് ശാശ്വതമായ പരിഹാരം കാണാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഹൃദയസംബന്ധമായ അസുഖങ്ങൾ, ഹിസ്റ്റെറെക്ടമി, അപ്പെൻഡിസൈറ്റിസ് എന്നിവയ്ക്കായാണ് സ്ത്രീകളിൽ ഏറ്റവും കൂടുതൽ സർജറി നടക്കുന്നതെന്നും, മേൽപ്പറഞ്ഞ സർജറികൾ വിളർച്ച ഉള്ള സ്ത്രീകളിൽ നടത്തുമ്പോൾ സങ്കീർണ്ണതകൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആയുർവ്വേദ-ഹോമിയോ ഡിസ്പെൻസറികൾക്കുള്ള ചില ഫണ്ടുകൾ 60:40 അനുപാതത്തിലാണ് അനുവദിക്കുന്നത്. ചില സാഹചര്യങ്ങളിൽ സംസ്ഥാനവിഹിതം ലഭിച്ചില്ലെങ്കിൽ എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടും ഇതിനായി ഉപയോഗിച്ചുകൂടേ എന്ന ബഹു. സമിതി അംഗത്തിന്റെ ചോദ്യത്തിന്, എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടും ഉപയോഗിക്കാവുന്നതാണ് എന്ന് ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന 25-30 സെന്റ് സ്ഥലത്ത് ഒരു പ്രോജക്ട് നടപ്പിലാക്കാനായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുണ്ടെങ്കിൽ അതിന്റെ 50% മോ 40% മോ പഞ്ചായത്ത് വിഹിതമായി ലഭിച്ചാൽ ബാക്കി തുക കേന്ദ്ര ഗവൺമെന്റ് നൽകുമോ എന്ന സമിതി അംഗത്തിന്റെ ചോദ്യത്തിന് തീർച്ചയായും നൽകുമെന്നും അത്തരത്തിൽ 73 പ്രോജക്ടുകൾ വരെ നടപ്പിലാക്കുന്നുണ്ട് എന്നും ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകുകയും ചെയ്തു.

**ഔഷധി**

ബഡ്ജറ്റ് പ്രൊപ്പോസലിൽ സമർപ്പിച്ച സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യമായതിനാൽ 30.9597 കോടി രൂപ അധികമായി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.15-ന് പിരിഞ്ഞു.

## 27-4-2022 -ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2022 ഏപ്രിൽ 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണും, ബഹു. ആരോഗ്യവും-വനിത-ശിശുവികസനവും വകുപ്പ് മന്ത്രിയുമായ, ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.
2. ശ്രീമതി സി. കെ. ആശ, എം.എൽ.എ.
3. ശ്രീ. ജോബ് മൈക്കിൾ, എം.എൽ. എ.

<u>വീഡിയോ കോൺഫറൻസിംഗ് വഴി പങ്കെടുത്ത അംഗങ്ങൾ:</u>

1. ശ്രീമതി ദെലീമ, എം.എൽ.എ.
2. ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി പ്രീത കെ., അണ്ടർ സെക്രട്ടറി

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന XVIII, XIX, XX, XXX എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഭേദഗതി ചുവടെ ചേർക്കുന്നു.

മാനസികാരോഗ്യ കേന്ദ്രം, കാൻസർ സെന്ററുകളുടെ പ്രവർത്തനം എന്നീ ശീർഷകങ്ങളുടെ ചർച്ചാവേളയിൽ രണ്ട് ശിപാർശകൾ കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് സമിതി തീരുമാനിച്ചു. ആയവ ചുവടെ ചേർക്കുന്നു.

"കേരളത്തിലെ മാനസിക ആരോഗ്യകേന്ദ്രങ്ങളിലെ അന്തേവാസികളുടെ എണ്ണം അവയുടെ കിടക്കകളുടെ എണ്ണത്തിന്റെ പല മടങ്ങാണ്. ചികിത്സ കഴിഞ്ഞ് രോഗം ഭേദമായവരിൽ ബഹുഭൂരിപക്ഷത്തെയും വീട്ടുകാരും സമൂഹവും തിരികെ സ്വീകരിക്കുന്നതിൽ

വിമുഖത കാണിക്കുന്നതിനാൽ ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത അന്തേവാസികൾക്ക് താമസസൗകര്യം. അടിസ്ഥാന സൗകര്യവികസനം, ജീവനോപാധി എന്നിവ ലഭ്യമാക്കി പുനരധിവാസം ഉറപ്പാക്കുന്നതിന് മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.”

“തിരുവനന്തപുരം, മലബാർ, കൊച്ചി എന്നീ കാൻസർ സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ആയതിനാൽ മരുന്നുകൾ, മെഷീനുകൾ എന്നിവ വാങ്ങുന്നതിന് ദൗർലഭ്യം നേരിടുന്നു. ആയത് പരിഹരിക്കുന്നതിനായി പദ്ധതിയിനത്തിൽ ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. "

യോഗം ഉച്ചയ്ക്കുശേഷം 2.50-ന് പിരിഞ്ഞു.

## 14-7-2022-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2022 ജൂലൈ 14-ാം തീയതി വ്യാഴാഴ്ച നിയമസഭാ സമ്മേളനത്തിനു ശേഷം രാത്രി 8.25-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണും, ബഹു. ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രിയുമായ, ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

ശ്രീമതി ഒ.എസ്. അംബിക, എം. എൽ. എ.

ശ്രീ. പി. കെ. ബഷീർ, എം. എൽ. എ.

ശ്രീമതി ദെലീമ, എം. എൽ. എ.

ശ്രീ. ജോബ് മൈക്കിൾ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി

ശ്രീ. പി.എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
2. ഡോ. ആശ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
3. ഡോ. രത്തൻ ഖേൽക്കർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ.
4. ഡോ.ഹരികൃഷ്ണൻ തിരുമംഗലത്ത്, ഡയറക്ടർ ഓഫ് ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ.
5. ഡോ. കെ.എസ്. പ്രിയ, ഡയറക്ടർ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
6. ഡോ. രേഖ എ. നായർ, ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം.
7. ഡോ. എം.എൻ വിജയാംബിക, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്

8. ഡോ. ശ്രീറാം. വി., മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ.

9. ശ്രീ. വിജയകുമാർ. എസ്., ജോയിന്റ് സെക്രട്ടറി, ആയുഷ് വകുപ്പ്.

10. ശ്രീ. ആർ.സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

11. ഡോ. ഉഷ ആർ., ജോയിന്റ് ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

12. ഡോ. സി.കെ. ജഗദീശൻ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്.

13. ശ്രീ. പി. ഉണ്ണികൃഷ്ണൻ നായർ, ഫുഡ് സേഫ്റ്റി ഡെപ്യൂട്ടി കമ്മീഷണർ

14. ഡോ. റ്റി.കെ. ഹൃദീക്, സി.ഇ.ഒ., സ്റ്റേറ്റ് മെഡിസിൻ പ്ലാന്റ്സ് ബോർഡ്.

15. ശ്രീ. സജി പി.ആർ., സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ), നാഷണൽ ഹെൽത്ത് മിഷൻ.

16. ശ്രീമതി ലതാ കുമാരി, കൺട്രോളർ ഓഫ് ഫിനാൻസ്, ഔഷധി.

17. ശ്രീ. ക്ലീറ്റസ് ജെ., ഫിനാൻസ് ഓഫീസർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്.

സമിതി, ദി കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) സ്പെഷ്യൽ റൂൾസ് (ഭേദഗതി) 2022-ന്റെ കരട് ചട്ടം, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റുകൾ, ആയുഷ് വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ്, 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. ദി കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) സ്പെഷ്യൽ റൂൾസ് (ഭേദഗതി) കരട് ചട്ടം സംബന്ധിച്ച്.

(ഫയൽ നം. 12324/സബ്.സി.എഫ്2/2022/നിസെ)

ദി കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന്റെ സാഹചര്യം ബഹു. സമിതി ചെയർപേഴ്സൺ സമിതി യോഗത്തിൽ വിശദീകരിച്ചു.

സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത് 2010 ലാണെന്നും അഡ്മിനിസ്ട്രേറ്റീവ്, ജനറൽ സ്പെഷ്യാലിറ്റി, പബ്ലിക് ഹെൽത്ത് എന്നീ കേഡറുകളാണ് ആരോഗ്യവകുപ്പിൽ ഡോക്ടർമാർക്കായി രൂപീകരിച്ചിരിക്കുന്നതെന്നും 1-7-2007-ന ശേഷം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് നിശ്ചിത മാനദണ്ഡങ്ങളുണ്ടെങ്കിൽ മാത്രമേ അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ജോയിൻ ചെയ്യാൻ സാധിക്കുകയുള്ളുവെന്നും Masters Degree in Community Medicine, Master of Public Health തുടങ്ങിയവയാണ് അന്ന് മാനദണ്ഡമായി വെച്ചിരുന്നതെന്നും അതിന് ഒരു ഇളവ് നൽകുന്നതിനാണ് ഈ ഭേദഗതി കൊണ്ടുവരുന്നതെന്നും ചെയർപേഴ്സൺ അറിയിച്ചു. അഡ്മിനിസ്ട്രേറ്റീവ് തസ്തികയിലേക്ക് നിശ്ചിത യോഗ്യതയുള്ളവർ വളരെ കുറവായതിനാൽ 1-1-2007-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർക്ക് യോഗ്യതയിൽ ഇളവ് നൽകിയതിനെത്തുടർന്ന് അസിസ്റ്റന്റ് സർജൻമാരെ അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ എൻട്രി കേഡറായ ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസറായി (JAMO) നിയമിക്കുകയുണ്ടായി എന്നും 1-1-2018-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർക്ക് യോഗ്യതയിൽ ഇളവ് നൽകുന്നതിനു വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവരുന്നതെന്നും ഈ വിഷയം സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുകയും പി.എസ്.സി.യുടെ അംഗീകാരം ലഭിച്ചശേഷമാണ് പ്രസ്തുത കരട് ഭേദഗതി ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിക്കുന്നതെന്നും ബഹു. സമിതി ചെയർപേഴ്സൺ സമിതിയെ അറിയിച്ചു.

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-14)യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിൽ ദി കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) സ്പെഷ്യൽ റൂൾസ് സംബന്ധിച്ച ശിപാർശകളുണ്ടെന്നും ആയതിന്റെ പകർപ്പ് എത്രയും പെട്ടെന്ന് ബഹു. സമിതി അംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതാണെന്നും സമിതി ചെയർപേഴ്സൺ നിർദ്ദേശിക്കുകയും ചെയ്തു.

14-7-2022-ലെ യോഗത്തിൽ പങ്കെടുക്കണമെന്ന് അറിയിച്ചുകൊണ്ട് ആരോഗ്യ കുടുംബക്ഷേമ (എ) വിഭാഗത്തിന് വിവരം നൽകിയിരുന്നെങ്കിലും പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗസ്ഥർ ഹാജരായിട്ടില്ല എന്നത് സമിതിയോഗത്തിൽ വിമർശനത്തിനിടയാക്കി. ആയത് ഗുരുതരമായ വീഴ്ചയായതിനാൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ചെയർപേഴ്സൺ നിർദ്ദേശിച്ചു.

പ്രമോഷൻ തസ്തികയുടെ അടിസ്ഥാന യോഗ്യതയായ MBBS-ന് പുറമേ Masters Degree in Community Medicine, Master of Public Health, MBA, Master of Hospital Administration, Degree in Hospital Administration, Degree in Public Health qualifications എന്നിങ്ങനെ ഏതെങ്കിലും അഡീഷണൽ യോഗ്യത കൂടി വേണമെന്നും എന്നാൽ ഇപ്പോൾ ഇതിൽ ഡിഗ്രിക്ക് പുറമേ ഡിപ്ലോമയും കൂടി ചേർത്തിട്ടുണ്ടെന്നും സമിതി ചെയർപേഴ്സൺ വിശദീകരിച്ചു. സംസ്ഥാനത്ത് പബ്ലിക് ഹെൽത്ത് ക്വാളിഫിക്കേഷൻസ് ഡിഗ്രി കോഴ്സുകൾ നിലവിലില്ലെന്നും ഡിപ്ലോമ മാത്രമേ ഉള്ളൂവെന്നും മാനദണ്ഡങ്ങൾ പരമാവധി നിലനിർത്തിക്കൊണ്ടു മാറ്റം വരുത്തുകയാണ് ചെയ്യുന്നതെന്നും ബഹു. സമിതി ചെയർപേഴ്സൺ അറിയിച്ചു. അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഇതിന്റെയൊന്നും ആവശ്യമില്ലായെന്ന് ബഹു. സമിതി അംഗം അഭിപ്രായപ്പെട്ടതിന് അഡ്മിനിസ്ട്രേറ്റീവ് സ്കിൽ ഉണ്ടാകുന്നതിനുവേണ്ടിയാണ് അധികയോഗ്യതകൾ നിശ്ചയിച്ചതെന്നും ബഹു. സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് സർവ്വീസ് ക്വാട്ട പുനസ്ഥാപിച്ചതെന്നും ആയതിനാൽ സർവ്വീസിലുള്ളവർ പി.ജി. കോഴ്സ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സമിതി ചെയർപേഴ്സൺ അറിയിച്ചു.

കരട് ചട്ടം ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

2. <u>2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റുകൾ</u>

(ഫ. നം. 12207/ സബ്.സി.എഫ്2/2021/നി.സെ)

പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 67 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ആരോഗ്യ കുടുംബക്ഷേമം, ആയുഷ് എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

കോഴിക്കോട് മാനസികാരോഗ്യ ആശുപത്രിയുടെ നിർമ്മാണത്തിനുള്ള മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള ജോലി നിർവഹിച്ചതിലെ കുടിശ്ശിക തുക നല്കുന്നതിന് 21.24 ലക്ഷം രൂപ ആവശ്യമാണെന്നും പ്രസ്തുത തുക ഇതുവരെ നല്കിയിട്ടില്ലന്നും ബഹുമാനപ്പെട്ട സമിതി

അംഗം അഭിപ്രായപ്പെട്ടതിന്, കോഴിക്കോട് മാനസികാരോഗ്യ ആശുപത്രിയുടെ വിഷയം സംബന്ധിച്ച് പ്രത്യേക യോഗം ചേർന്ന് ചർച്ച ചെയ്യാമെന്ന് സമിതി ചെയർപേഴ്സൺ അറിയിച്ചു.

3. ആയുഷ് വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ്

(ഫ.നം.363/സബ്.സി.എഫ്2/2020/നി.സെ)

പ്രസ്തുത വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

4. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കരട്

(ഫ. നം.9583/ സബ്. സി. എഫ്2/2022/ നി.സെ.)

പ്രസ്തുത പീരിയോഡിക്കൽ റിപ്പോർട്ട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

5. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫ. നം 12207/ സബ്.സി. എഫ്2/2021/ നി.സെ.)

പ്രസ്തുത ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 18-7-22-ന് സഭയിൽ സമർപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

യോഗം രാത്രി 8.55-ന് പിരിഞ്ഞു.

## 2-11-2022-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2022 നവംബർ 2-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.
2. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.
3. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
4. ശ്രീമതി ദെലീമ, എം.എൽ.എ.
5. ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.
6. ശ്രീമതി കെ. കെ. രമ, എം.എൽ.എ.
7. ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി.
2. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
2. ഡോ. എസ്. കാർത്തികേയൻ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ.
3. ശ്രീ. ബി. സുരേന്ദ്രൻ പിള്ള, അഡീഷണൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്.
4. ഡോ. നന്ദകുമാർ കെ. വി., ഡയറക്ടർ (ഇൻ-ചാർജ്), അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് (മെഡിക്കൽ), ഡി.എച്ച്.എസ്.
5. ഡോ. മനു എം. എസ്., സ്റ്റേറ്റ് നോഡൽ ഓഫീസർ, നാഷണൽ പ്രോഗ്രാം ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് ആന്റ് ഹ്യൂമൺ ഹെൽത്ത്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം 'ജീവിതശൈലീ രോഗങ്ങളും ബോധവൽക്കരണവും' എന്ന വിഷയം സംബന്ധിച്ച് ചർച്ച നടത്തുകയും, സമിതിയുടെ നാലാമത് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും കാലതാമസപത്രികയും ലഭ്യമാക്കാത്തതു സംബന്ധിച്ച വിഷയങ്ങൾ എന്നിവ സമിതി പരിഗണിക്കുകയും ചെയ്തു.

I. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം 'ജീവിതശൈലീ രോഗങ്ങളും ബോധവൽക്കരണവും' എന്ന വിഷയത്തിന്മേലുള്ള സമിതിയുടെ ചർച്ചയുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

ജീവിതശൈലീ രോഗങ്ങൾ വരാനുള്ള പ്രധാന ഘടകങ്ങൾ അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, ലഹരിയോടുള്ള ആസക്തി, ഉയർന്ന മാനസിക പിരിമുറുക്കം തുടങ്ങിയവയാണെന്നും കൂടാതെ ജനിതകമായുള്ളതും പ്രായാധിക്യത്താലുള്ളതുമായ ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കാൻ സാധിക്കുന്നവയാണെന്നും ആകയാൽ ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണെന്നും പ്രാഥമിക പ്രതിരോധമായി രോഗം വരാതിരിക്കാനുള്ള ബോധവൽക്കരണവും പി.എച്ച്.സി. പോലുള്ള സ്ഥാപനങ്ങൾ മുഖാന്തിരം രോഗികളെ കണ്ടെത്തി അതിൽ നിന്ന് വിമുക്തരാക്കാനുള്ള ശ്രമങ്ങളുമാണ് നടത്തുന്നതെന്നും സെക്കണ്ടറി പ്രതിരോധത്തിലൂടെ വളരെ നേരത്തെ രോഗം കണ്ടുപിടിച്ച് സങ്കീർണ്ണത തടയുന്നതിനാണ് ശ്രമിക്കുന്നതെന്നും സംസ്ഥാന തലത്തിലും എൻ.എച്ച്.എം.-ലും പി.എച്ച്.സി.-ലും മാസ് മീഡിയ വിംഗും ബി.സി.സി. (Behavioural Change Communication) കമ്മിറ്റികളുമുണ്ടെന്നും ഓരോ വർഷാരംഭത്തിലും വർക്ക് ഷോപ്പ് നടത്തുകയും ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട പ്രധാന കാരണങ്ങൾ കണ്ടെത്തി ജനങ്ങളിലെത്തിക്കാനുമുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നുണ്ടെന്നും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഇതുവരെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടില്ലേയെന്ന് സമിതി അംഗം ആരാഞ്ഞതിന് ആക്ഷൻ പ്ലാൻ എല്ലാ വർഷവും തയ്യാറാക്കുകയും എല്ലാ ജില്ലകളിലും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും എല്ലാ ജില്ലകളിലും ആരോഗ്യദിനങ്ങൾ ആചരിക്കുന്നതോടൊപ്പം പ്രത്യേക സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും രോഗ പ്രതിരോധ മാർഗ്ഗങ്ങൾ ഹ്രസ്വചിത്രങ്ങളിലൂടെ ജനങ്ങളിൽ എത്തിക്കാറുണ്ടെന്നും ടെലിവിഷൻ, സിനിമ, പത്രമാധ്യമങ്ങൾ, എഫ്. എം. റേഡിയോ, ട്വിറ്റർ, ഫേസ് ബുക്ക്, യൂട്യൂബ് തുടങ്ങിയ വാർത്തിവിനിമയ സാങ്കേതിക വിദ്യയും ഇതിനായി ഉപയോഗിക്കുന്നുണ്ടെന്നും 'കേരള ഹെൽത്ത് ഓൺലൈൻ' എന്ന യൂട്യൂബ് ചാനലിലൂടെ രോഗങ്ങളെയും പ്രതിരോധമാർഗ്ഗങ്ങളെയും കുറിച്ചുള്ള ആരോഗ്യ സന്ദേശങ്ങൾ നിരന്തരം ലഭ്യമാക്കുന്നുണ്ടെന്നും, വാട്സാപ്പിലൂടെ

സന്ദേശങ്ങളടങ്ങിയ ഡിജിറ്റൽ പോസ്റ്ററുകളും ബോധവൽക്കരണത്തിനായി നൽകാറുണ്ടെന്നും പ്രത്യേകിച്ച് സ്കൂൾ/കോളേജ് വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിന് വേണ്ടി നിരവധി പ്രോഗ്രാമുകൾ ആവിഷ്കരിക്കാറുണ്ടെന്നും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സമിതിക്ക് മറുപടി നൽകി.

ആരോഗ്യ രംഗത്ത് ഏറ്റവും വലിയ വെല്ലുവിളിയുയർത്തുന്നത് ജീവിതശൈലീ രോഗങ്ങളാണെന്നും സംസ്ഥാനത്ത് ആയുർദൈർഘ്യം കൂടുതലും മാതൃ-ശിശു മരണനിരക്ക് കുറവുമാണെന്നും ജനസംഖ്യാനുപാതികമായി രാജ്യത്തെ ഏറ്റവും കൂടുതൽ ജീവിതശൈലീ രോഗികളുള്ള സംസ്ഥാനം കേരളമാണെന്നും കോവിഡ് കാലത്ത് പ്രമേഹം പോലുള്ള രോഗങ്ങൾ വർദ്ധിക്കുകയും അത് മറ്റ് സങ്കീർണ്ണതകളിലേക്ക് പോകുകയുമുണ്ടായിയെന്നും നവകേരള കർമ്മ പദ്ധതി (ആർദ്രം മിഷൻ 2)-യുടെ ഭാഗമായി പുതുതായി ജനകീയ ക്യാമ്പയിൻ ആരംഭിക്കുകയും 'ശൈലി ആപ്പ്' വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ടെന്നും എല്ലാ മണ്ഡലങ്ങളിലും പഞ്ചായത്തടിസ്ഥാനത്തിൽ 30 വയസ്സിനു മുകളിലുള്ളവരെ ശൈലി ആപ്പ് വഴി സ്ക്രീൻ ചെയ്യുന്നുണ്ടെന്നും 30 വയസ്സിനുമുകളിലുള്ളവരിൽ 22.31% പേരുടെ സർവ്വേ നടത്തിയിട്ടുണ്ടെന്നും ആശാവർക്കർമാരെ പരിശീലിപ്പിച്ച് ഏകദേശം 480-ലധികം പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ശാരീരികാവസ്ഥയുടെ അടിസ്ഥാനത്തിൽ സി.ബി.എ.സി. സ്കോർ നാലിനു മുകളിൽ വരുന്നവർ എത്രയുണ്ടെന്നത് കണ്ടെത്തുകയാണ് ആദ്യ പടിയായി ചെയ്യുന്നതെന്നും രോഗം കണ്ടെത്തിയവർ തുടർ പരിശോധനയ്ക്ക് വരുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി കാൻസർ രോഗികൾക്കായി ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ടെന്നും സംസ്ഥാനതലത്തിൽ മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ സെന്റർ, ആർ.സി.സി. എന്നിവിടങ്ങളിലാണ് സ്ക്രീനിംഗിന് വിധേയരായവരെ പരിശോധിക്കുന്നതെന്നും പരിശോധനയ്ക്ക് വരുന്നവരുടെ എണ്ണം, അവരിൽ ഏതൊക്കെ തരം കാൻസറുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത് എന്നീ വിവരങ്ങളടങ്ങിയ കാൻസർ ഡാറ്റാ രജിസ്ട്രി തയ്യാറാക്കുന്നതാണെന്നും ചെയർപേഴ്സൺ വിശദീകരിച്ചു.

കൂടാതെ, വ്യത്യസ്ത തരത്തിലുള്ള കാൻസറുകളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്നതെന്നും രോഗം വരാനുള്ള കാരണം പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നതാണെന്നും കാൻസർ പരിശോധന വികേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി സ്വാബ് പരിശോധനയ്ക്കാവശ്യമായ പരിശീലനവും നൽകുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് എം.എൽ.എ. മാരുടെ നേതൃത്വത്തിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് സംവിധാനമൊരുക്കുന്നതാണെന്നും എല്ലാ ജില്ലകളിലും കാൻസർ പരിശോധനയ്ക്കായി ജില്ലാതല കാൻസർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും 2020-മുതൽ ആരംഭിച്ച കേരള ഹെൽത്ത് ഓൺലൈൻ പദ്ധതിയുടെ ഭാഗമായി പെരിറ്റോണിയൽ ഡയാലിസിസ് നടത്തുന്നുണ്ടെന്നും സമിതി ചെയർപേഴ്സൺ സമിതി യോഗത്തിൽ വിശദീകരിച്ചു.

സമിതി പെരിറ്റോണിയൽ ഡയാലിസിസ് (വീടുകളിൽ ഡയാലിസിസ് ചെയ്യുന്നതിനുള്ള സംവിധാനം) സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. പെരിറ്റോണിയൽ ഡയാലിസിസ് ഒരു പ്രാവശ്യം ചെയ്യുന്നതിന് 20 മിനിട്ട് മതിയാകുമെന്നും ക്രിയാറ്റിന്റെ അളവ് അനുസരിച്ചാണ് ഡയാലിസിസ് എത്ര പ്രാവശ്യം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നതെന്നും രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും ഇതിനുള്ള പരിശീലനം നൽകുന്നതാണെന്നും നിലവിൽ രോഗികൾക്ക് സൗജന്യമായാണ് പെരിറ്റോണിയൽ ഡയാലിസിസ് നൽകുന്നതെന്നും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുകയും ആരോഗ്യ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുകയെന്നത് പ്രധാനമാണെന്നും ജീവിതരീതി, പാരമ്പര്യം, ജോലി, അമിതവണ്ണം എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് രോഗ സാധ്യത പരിശോധിക്കുകയും മതിയായ ചികിത്സ ഉറപ്പു വരുത്തുകയും ചെയ്യാറുണ്ടെന്നും അതിന്റെ ഭാഗമായി എല്ലാ ജില്ലാ ആശുപത്രികളിലും ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിക്കാൻ പോകുകയാണെന്നും രോഗം വരാൻ സാധ്യതയുള്ളവരെ മുൻകൂട്ടി കണ്ടെത്തേണ്ടതുണ്ടെന്നും അതിന് കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും വിഷരഹിത ഭക്ഷണം, ശരിയായ വ്യായാമം എന്നിവയെല്ലാം പ്രധാനമാണെന്നും സമിതി ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

നഴ്സിംഗ് കോളേജുകളെ സംബന്ധിച്ച് ഒരു പഠനം നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണെന്നും താലൂക്ക്തലം മുതൽ നഴ്സിംഗ് കോളേജുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച തിരുവനന്തപുരം മെഡിക്കൽ കോളേജിലെ നഴ്സിംഗ് കോളേജുകളിലെ സീറ്റുകളുടെ എണ്ണം ഇപ്പോഴും 70 ആണെന്നും സംസ്ഥാനത്ത് മെന്റൽ ഹെൽത്ത് നഴ്സിംഗ് സാധ്യതയുള്ള മേഖലയാണെങ്കിലും നിലവിൽ അങ്ങനെയൊരു കാറ്റഗറിയില്ലായെന്നും സമിതി ചെയർപേഴ്സൺ വ്യക്തമാക്കി.

ഖനനം നടക്കുന്നതിനാൽ കൊല്ലം ജില്ലയിലെ ചവറ മേഖലയിൽ യുറേനിയത്തിന്റെ സാന്നിദ്ധ്യമുള്ളതിനാൽ റേഡിയേഷൻ മൂലമുള്ള തൈറോയ്ഡ് കാൻസർ കൂടുതലാണെന്നാണ് ആർ.സി.സി. യുടെ പഠനത്തിൽ പറയുന്നതെന്നും വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തതരം കാൻസറുകളാണ് കാണപ്പെടുന്നതെന്നും സ്ത്രീകളിൽ സെർവിക്കൽ കാൻസറും പുരുഷൻമാരിൽ ലങ്സ് കാൻസറുമാണ് കൂടുതലായി കാണപ്പെടുന്നതെന്നും സെർവിക്കൽ കാൻസർ വരാതിരിക്കാനുള്ള വാക്സിനേഷൻ ആദ്യഘട്ടത്തിൽ രണ്ടു ജില്ലകളിൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും കാൻസർ കെയർ ബോർഡ് യോഗം ചേർന്ന് പ്രോട്ടോക്കോൾ നിശ്ചയിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും എല്ലാ രാജ്യങ്ങളിലും വാക്സിനേഷൻ നടത്തുന്നുണ്ടെന്നും ഇത് ലോകാരോഗ്യ സംഘടന അംഗീകരിച്ചിട്ടുള്ളതാണെന്ന് സമിതി ചെയർപേഴ്സൺ യോഗത്തിൽ വിശദീകരിച്ചു. 10 മുതൽ 19 വയസ്സുവരെയുള്ള പെൺകുട്ടികൾക്കാണ് വാക്സിൻ നൽകുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി യോഗത്തിൽ വ്യക്തമാക്കി.

കാൻസർ രോഗം ആരംഭത്തിൽ കണ്ടുപിടിക്കാൻ സാധിക്കില്ലായെന്നും ഒരു അവയവത്തിൽ നിന്നും മറ്റൊരു അവയവത്തിലേക്ക് വ്യാപിക്കുമ്പോഴാണ് ഇത് അറിയാൻ സാധിക്കുന്നതെന്നും കരൾ, പാൻക്രിയാസ് എന്നിവിടങ്ങളിൽ വരുന്ന കാൻസർ അവസാന ഘട്ടത്തിൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂവെന്നും അതുകൊണ്ടാണ് ചികിത്സ നടത്തിയാലും ഫലപ്രദമാകാത്തതെന്നും സമിതി വിലയിരുത്തി. കാൻസർ പരിശോധന സംബന്ധിച്ച് മെഗാ ക്യാമ്പുകൾ സജ്ജമാക്കണമെന്നും കാൻസർ ആദ്യ സ്റ്റേജിൽ കണ്ടുപിടിച്ചാൽ ചികിത്സ ഫലപ്രദമാകുമെന്നുള്ള സന്ദേശം നൽകേണ്ടതുണ്ടെന്നും സമിതി അംഗം യോഗത്തിൽ അഭിപ്രായപ്പെട്ടു.

കാൻസർ ട്രീറ്റ്മെന്റ് പല സ്ഥാപനങ്ങളിലും ശരിയായ രീതിയിലല്ല ചെയ്തുവരുന്നതെന്നും ആർ.സി.സി, എം.സി.സി, സി.സി.സി. എന്നീ സ്ഥാപനങ്ങളിൽ ക്വാളിറ്റി ഇംപ്രൂവ് ചെയ്യാനുള്ള പരിശീലനം കൊടുക്കേണ്ടതുണ്ടെന്നും കീമോതെറാപ്പി നൽകുന്നതിനുള്ള മരുന്നിന്റെ വില കെ. എം. എസ്. സി. എൽ. -മായി ചേർന്ന് കുറഞ്ഞ നിരക്കിൽ നൽകാൻ ശ്രമിക്കേണ്ടതാണെന്നും സമിതി യോഗത്തിൽ അഭിപ്രായമുണ്ടായി. കൂടാതെ കീമോതെറാപ്പിയുമായി ബന്ധപ്പെട്ട് പ്രോട്ടോക്കോൾ പാലിക്കേണ്ടതുണ്ടെന്ന സമിതി വിലയിരുത്തുകയും ആവശ്യമില്ലാതെ കീമോതെറാപ്പി നൽകുന്നതുമായി ബന്ധപ്പെട്ട കാര്യം പരിശോധിക്കാമെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

II. <u>2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ( കാലതാമസപത്രിക സഹിതം)</u>

(ഫയൽ നമ്പർ 3627/ സബ്.സി. എഫ്2/2019/നി. സെ.)

പ്രസ്തുത റിപ്പോർട്ടിലെ 46,47,48,49,50,51,54 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ആയുഷ് വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ</u>

2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും കാലതാമസ പത്രികയും ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫയൽ നമ്പർ 7/ സബ്.സി. എഫ്2/2019/നി. സെ.)

വാർഷിക റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

സമിതി, 2023 ജനുവരിയിൽ അഖിലേന്ത്യാ പഠന പരിപാടി സംഘടിപ്പിക്കാൻ തീരുമാനിക്കുകയും യാത്രയുടെ ഷെഡ്യൂൾ തയ്യാറാക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

(യോഗം ഉച്ചയ്ക്ക് ശേഷം 1.00 മണിക്ക് പിരിഞ്ഞു.)

# 7-12-2022-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2022 ഡിസംബർ 7-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6-30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ ചെയർപേഴ്സന്റെ അസാന്നിദ്ധ്യത്തിൽ സമിതി നിർദ്ദേശപ്രകാരം ശ്രീമതി യു. പ്രതിഭ,എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.
2. ശ്രീ. എ.പി. അനിൽ കുമാർ, എം.എൽ.എ.
3. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
4. ശ്രീമതി ദെലീമ, എം.എൽ.എ.
5. ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.
6. ശ്രീമതി കെ.കെ. രമ, എം.എൽ.എ.
7. ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി.
2. ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
2. ശ്രീ. ആർ. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി നിയമ വകുപ്പ്.
3. ഡോ. സുനിൽകുമാർ, ജെ.ജി., സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്.

2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

## 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ

പ്രസ്തുത ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഖണ്ഡം I-ൽ മാത്രം താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

### ഖണ്ഡം I

(2)-ാം ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക. അതായത്;—

"ഇത് 2019 ജനുവരി 1-ാം പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്".

താഴെപ്പറയുന്ന അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

1. ശ്രീ. എ.പി. അനിൽ കുമാർ, എം.എൽ.എ.
2. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
3. ശ്രീമതി കെ. കെ. രമ, എം.എൽ.എ.

യോഗം വൈകുന്നേരം 6-45 -ന് പിരിഞ്ഞു.

## 14-2-2023-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2023 ഫെബ്രുവരി 14-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും, ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
2. ശ്രീമതി ദെലീമ, എം.എൽ.എ.
3. ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.
4. ശ്രീമതി കെ. കെ. രമ, എം.എൽ.എ.
5. ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി.
2. ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
2. ശ്രീമതി ഡി. കൃഷ്ണപ്രിയ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീ. ബി. സുരേന്ദ്രൻ പിള്ള, അഡീഷണൽ സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്.
4. ശ്രീ. വിജയകുമാർ എസ്., ജോയിന്റ് സെക്രട്ടറി, ആയുഷ് വകുപ്പ്.
5. ശ്രീമതി മൃൺമയി ജോഷി, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.ആർ.എം. & മാനേജിംഗ് ഡയറക്ടർ, കെ.എം.എസ്.സി.എൽ.
6. ഡോ. കെ. എസ്. പ്രിയ, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ്.
7. ശ്രീ. ക്ലീറ്റസ് ജെ., ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്, കേരള

8. ഡോ. തോമസ് മാത്യൂ, ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്.

9. ഡോ. വി. മീനാക്ഷി, ഡയറക്ടർ-ഇൻ-ചാർജ്ജ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്.

10. ഡോ. ആർ. ജയനാരായണൻ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, നാഷണൽ ആയുഷ് മിഷൻ.

11. ഡോ. സജി പി. ആർ., സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, നാഷണൽ ആയുഷ് മിഷൻ.

12. ഡോ. രേഖ എ. നായർ, ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം.

13. ഡോ. പി. ജി. ബാലഗോപാൽ, ഡയറക്ടർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ.

14. ഡോ. സതീശൻ ബി., ഡയറക്ടർ, മലബാർ കാൻസർ സെന്റർ, കണ്ണൂർ.

15. ഡോ. ഹരികൃഷ്ണൻ തിരുമംഗലത്ത്, ഡയറക്ടർ ഓഫ് ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ.

16. ഡോ. എം. എൻ. വിജയാംബിക, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്.

17. ഡോ. സജീവ് വി. തോമസ്, ഡയറക്ടർ, ഐക്കോൺസ്.

18. ഡോ. ദീപ ഭാസ്കരൻ, ഡയറക്ടർ-ഇൻ-ചാർജ്ജ്, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ.

19. ശ്രീ. പി. എം. ജയൻ, കൺട്രോളർ, ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്.

20. ഡോ. റ്റി. കെ. ഹൃദിക്, സി.ഇ.ഒ., സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് & മാനേജിംഗ് ഡയറക്ടർ, ഔഷധി.

21. ഡോ. ഷിബുലാൽ എ., ജനറൽ മാനേജർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്.

22. ശ്രീ. അനിൽകുമാർ കെ., ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ), സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള.

23. ഡോ. ഉഷ ആർ. ജോയിന്റ് ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ്.

24. ശ്രീമതി മഞ്ജു ദേവി, ഡെപ്യൂട്ടി ഡയറക്ടർ, ഭക്ഷ്യസുരക്ഷ വകുപ്പ്.

25. ശ്രീ. എസ്. മനോജ്, ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്.

26. ശ്രീ. രാജേഷ്, ഫിനാൻസ് ഓഫീസർ, കേരള ആരോഗ്യ സർവ്വകലാശാല.

27. ശ്രീ. സി. അജയകുമാർ, ഫിനാൻസ് ഓഫീസർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ.

സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന XVIII, XIX, XX, XXX എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

യോഗാരംഭത്തിൽ, വിവിധ ശീർഷകങ്ങളിൽ അനുവദിക്കാവുന്ന തുക പരിമിതപ്പെടുത്തിയത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഓരോ കേസിന്റേയും മെരിറ്റ് പരിശോധിച്ച് അഡീഷണൽ ആതറൈസേഷൻ അനുവദിച്ചിട്ടുണ്ട് എന്നും റിസോഴ്സിന്റെ പരിമിതി കാരണം പൊതുവിൽ അങ്ങനെയൊരു നിലപാട് സ്വീകരിച്ചതാണെന്നും അഡീഷണൽ സെക്രട്ടറി ധനകാര്യ വകുപ്പ് അറിയിച്ചു.

തുടർന്ന്, അജണ്ടയിലെ ആരോഗ്യ വകുപ്പിന്റെ 2023-24-ലെ വിവിധ ഹെഡുകളിലെ ബഡ്ജറ്റ് വിഹിതം സംബന്ധിച്ച് സമിതി ചർച്ച ചെയ്യുകയുണ്ടായി. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ 2374.33 കോടി രൂപയും ചെലവഴിച്ചത് 2488 കോടി രൂപയുമാണെന്നും, അതായത് 104.82% എക്സ്പെൻഡിച്ചറായിട്ടുണ്ടെന്നും 45% ആയി പരിമിതപ്പെടുത്തി എന്നുള്ളത് വസ്തുതാവിരുദ്ധമാണെന്നും ധനകാര്യ വകുപ്പ്, അഡീഷണൽ സെക്രട്ടറി, യോഗത്തിൽ അറിയിച്ചു.

സബ്ജക്ട് കമ്മിറ്റിയുടെ ഇത്രയും പ്രധാനപ്പെട്ട മീറ്റിംഗിൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ ഹാജരാകാത്തതിന് നോട്ടീസ് കൊടുത്ത് നടപടി സ്വീകരിക്കണമെന്ന് ചെയർപേഴ്സൺ നിർദ്ദേശിച്ചു. സാമ്പത്തിക നിയന്ത്രണങ്ങളുണ്ടെങ്കിലും ദൈനംദിന പ്രവൃത്തികൾക്കോ മറ്റ് കാര്യങ്ങൾക്കോ തടസ്സമില്ലാതിരിക്കെ 45% ആണ് അനുവദിച്ചിട്ടുള്ളത് എന്ന് വകുപ്പ് ലഭ്യമാക്കിയ കുറിപ്പിൽ രേഖപ്പെടുത്തിയതിൽ പ്രിൻസിപ്പൽ സെക്രട്ടറി ക്ഷമാപണം നടത്തി. ആവശ്യമായ അഡീഷണൽ ആതറൈസേഷൻ ലഭിക്കുന്നുണ്ടെന്നും വിശദീകരിച്ചു. കഴിഞ്ഞ അഞ്ചുവർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യം, വ്യതിയാനങ്ങളുണ്ടെങ്കിൽ അവയുള്ള കാരണം എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അതത് വകുപ്പ് മേധാവികൾ പരിശോധിച്ചതിനു ശേഷം ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സമിതിക്ക് കുറിപ്പ് സമർപ്പിക്കണമെന്ന് ചെയർപേഴ്സൺ കർശന നിർദ്ദേശം നൽകി.

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ച് 100 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പണം തരാൻ തൽപ്പരരായ വ്യക്തികളുടെ യോഗം വിളിച്ച് ചേർക്കണമെന്നും എല്ലാ സഹായവും ലഭ്യമാക്കാമെന്നുമുള്ള സ്ഥലം എം.എൽ.എ.-യുടെ നിർദ്ദേശം പരിഗണിക്കാമെന്ന് ചെയർപേഴ്സൺ അറിയിച്ചു.

തിരുവനന്തപുരം RCC-യ്ക്ക് 2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് പൂർണ്ണമായും അനുവദിച്ചിരുന്നു. ശമ്പള ഇനത്തിലും ശമ്പളേതര ഇനത്തിലും വലിയ കുറവ് വന്നിട്ടുണ്ട്. ഏഴാം ശമ്പള കമ്മീഷൻ നടപ്പിലാക്കിയതിനു ശേഷം 2016 മുതലുള്ള കുടിശ്ശിക അനുവദിക്കുന്നതിനും സാലറി ഇനത്തിലും ഇപ്രാവശ്യം 42 കോടി രൂപ മാത്രമാണ് അനുവദിച്ചത്. കഴിഞ്ഞ വർഷത്തെ ആകെ ചെലവ് സാലറി ഇനത്തിൽ 100 കോടിയും മറ്റ് ചെലവുകൾക്ക് 140 കോടി രൂപയുമാണ്. കാരുണ്യ, ആരോഗ്യ സുരക്ഷാ പദ്ധതി, സുകൃതം, സോഷ്യൽ സെക്യൂരിറ്റി മിഷൻ മുതലായ സോഷ്യൽ വെൽഫെയർ സ്കീമുകളിൽ നിന്നും 114 കോടി രൂപ ലഭിക്കുവാനുണ്ട്. മേൽപറഞ്ഞവ പരിഹരിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, സമിതി മുമ്പാകെ ബോധിപ്പിച്ചു.

പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി എന്ന രീതിയിൽ മലബാർ ക്യാൻസർ സെന്ററിനെ ഉയർത്തിയിട്ടുണ്ട് എന്നും മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ അവിടെയാണ് നടത്തുന്നത് എന്നും കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള MCC-യിലെ പല ആവശ്യങ്ങളും പരിഹരിക്കുന്നതിന് ബഹു. മുഖ്യമന്ത്രി പ്രത്യേക മീറ്റിംഗ് വിളിച്ചുചേർത്ത് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

പെയ്ൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനം എന്നത് സംസ്ഥാന നയമാണ്. സെക്കന്ററി പാലിയേറ്റീവ് പരിചരണ സംവിധാനം കാര്യക്ഷമമായി നടത്താൻ ഹോമിയോപതിക്ക് സാധിക്കുന്നുണ്ട്. നിലവിൽ 14 ഹോമിയോപ്പതി ഹോസ്പിറ്റലുകളിലാണ് ഈ സംവിധാനം ഉള്ളത്. ബാക്കിയുള്ള 20 ഹോസ്പിറ്റലുകളിൽ കൂടി പാലിയേറ്റീവ് പരിചരണ സംവിധാനം ഒരുക്കുന്നതിന് ഒരു ഹോസ്പിറ്റലിന് 3 ലക്ഷം രൂപ വീതം ആവശ്യമാണെന്നും ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, സമിതി മുമ്പാകെ ബോധിപ്പിച്ചു. പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചെയ്യാവുന്നതല്ലേ എന്ന് സമിതി അംഗം ആരാഞ്ഞതിന് അടുത്ത പ്രാവശ്യം മുതൽ അതത് തദ്ദേശസ്ഥാപനങ്ങൾക്ക് ഇതിനായി പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണെന്ന് ചെയർപേഴ്സൺ വ്യക്തമാക്കി.

സംസ്ഥാന ഔഷധ സസ്യ ബോർഡിന്റെ നിയന്ത്രണത്തിൽ നിലവിൽ ഇരുപതോളം ഔഷധ സസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്നുണ്ടെന്നും പല കാരണങ്ങളാൽ ബോർഡിനുള്ള ഫണ്ട് 30 ലക്ഷം രൂപയായി ചുരുക്കിയിരിക്കുകയാണെന്നും "സ്കൂളിൽ ഒരു ഔഷധ തോട്ടം" പദ്ധതിക്കായി അധിക തുക വകയിരുത്തണമെന്നും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് മാനേജിംഗ് ഡയറക്ടർ, ഔഷധി, സമിതി മുമ്പാകെ ബോധിപ്പിച്ചു. അടുത്ത ഘട്ടത്തിൽ എം.എൽ.എ.-മാരുമായി കൂടി ആലോചിച്ച് കുടുംബശ്രീ മുഖേന ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നകാര്യം പരിശോധിക്കാമെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX— കുടുംബക്ഷേമം

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നം. XVIII-ലെ വിവിധ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ചുവടെ ചേർക്കും പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു.

2210-05-105-98—അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

2210-05-105-53—സർക്കാർ മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം

2210-05-105-26—സർക്കാർ മെഡിക്കൽ കോളേജ്, കോന്നി, പത്തനംതിട്ട

2210-05-105-98-34-3—അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം- മറ്റ് ചെലവുകൾ - മറ്റിനം - 65.7 ലക്ഷം രൂപ

2210-05-105-53-34-3—സർക്കാർ മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം - മറ്റ് ചെലവുകൾ - മറ്റിനം -22 ലക്ഷം രൂപ

2210-05-105-26-34-3—സർക്കാർ മെഡിക്കൽ കോളേജ്, കോന്നി, പത്തനംതിട്ട-മറ്റ് ചെലവുകൾ - മറ്റിനം -56,000 രൂപ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തിരുവനന്തപുരം, കൊല്ലം, കോന്നി മെഡിക്കൽ കോളേജുകളിലെ SSB/MSB-യുടെ Facility Management/ Operation & Maintenance-നായും ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനും രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായും മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ സൂചിപ്പിക്കും പ്രകാരം മേൽ നോൺപ്ലാൻ ശീർഷകങ്ങളിലേയ്ക്ക് തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-98-34-3 - 15.1930 കോടി രൂപ

2210-05-105-53-34-3 - 10.32 കോടി രൂപ

2210-05-105-26-34-3 - 1.3209 കോടി രൂപ

2210-05-105-18—സീമെറ്റിനുള്ള സാമ്പത്തിക സഹായം (പ്ലാൻ)

2210-05-105-18-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായ ധനം - 55 ലക്ഷം രൂപ

2210-05-105-18-36—സഹായധനം - ശമ്പളേതരം - 15 ലക്ഷം രൂപ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സീമെറ്റ്)-യുടെ കീഴിലുള്ള മലമ്പുഴയിലെയും പള്ളുരുത്തിയിലെയും നഴ്സിംഗ് കോളേജുകളുടെ ലേഡീസ് ഹോസ്റ്റലുകൾ താമസയോഗ്യ-മാക്കുന്നതിനും മുട്ടത്തറയിലുള്ള നഴ്സിംഗ് കോളേജിന് സ്വന്തമായ കെട്ടിടം ഇല്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകയും വൈദ്യുതി ചാർജ്ജും ഇനത്തിലുള്ള ചെലവുകൾ വഹിക്കാനും നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർത്തിരിക്കും പ്രകാരം തുക ഈ പദ്ധതി ശീർഷകങ്ങളിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-105-18-35 - 45 ലക്ഷം രൂപ

2210-05-105-18-36 - 20 ലക്ഷം രൂപ

**ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട, മലപ്പുറം (മഞ്ചേരി) ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകൾ**

4210-03-105-66-01—ഇടുക്കി ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് - മരാമത്ത് പണികൾ - 10 കോടി രൂപ

4210-03-105-65-01—കാസർഗോഡ് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് (നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്.പദ്ധതി)-മരാമത്ത് പണികൾ - 5 കോടി രൂപ

4210-03-105-63-01—പുതിയ മെഡിക്കൽ കോളേജ് മഞ്ചേരി, മലപ്പുറം - മരാമത്ത് പണികൾ - 10 കോടി രൂപ

4210-03-105-41-01—പത്തനംതിട്ട ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് - മരാമത്ത് പണികൾ - 5 കോടി രൂപ

ഇടുക്കി മെഡിക്കൽ കോളേജിൽ അക്കാഡമിക്ക് ബ്ലോക്ക്, ആശുപത്രി ബ്ലോക്ക്, റെസിഡൻഷ്യൽ ഫെസിലിറ്റീസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനും കോന്നി മെഡിക്കൽ കോളേജിലെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്കും മഞ്ചേരി മെഡിക്കൽ കോളേജിൽ

നിർമ്മാണം നടന്ന് വരുന്ന Teaching & Non-Teaching Quarters, ഹോസ്റ്റൽ, ഓഡിറ്റോറിയം എന്നിവയുടെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്കായും മേൽ ശീർഷകങ്ങളിൽ നടപ്പ് വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകങ്ങളിൽ ചുവടെ ചേർക്കുന്ന പ്രകാരം തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4210-03-105-66-01 - 36 കോടി രൂപ

4210-03-105-65-01- 5 കോടി രൂപ

4210-03-105-63-01- 1.681 കോടി രൂപ

4210-03-105-41-01- 10 കോടി രൂപ

**കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല**

2210-05-001-93-31 - 4.3560 കോടി രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ ശമ്പളയിനത്തിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10.4965 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-001-93—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല (പ്ലാൻ)

2210-05-001-93-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 10 കോടി രൂപ (പ്ലാൻ)

2210-05-001-93-36—സഹായധനം - ശമ്പളേതരം - 2.5 കോടി രൂപ (പ്ലാൻ)

2023-24 സാമ്പത്തിക വർഷത്തിൽ 10 പദ്ധതി ഘടകങ്ങളാണ് Plan write up-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2023-24-ലെ പ്ലാനിലും "Infrastructure development in KUHS Campus" ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതികൾക്കും 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചതും പദ്ധതി വിഹിതം ലഭിക്കാത്തതുമായ 6 പദ്ധതികളുടെ പ്രവർത്തികൾക്കുമായി നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അധികമായി മേൽ പദ്ധതി ശീർഷകങ്ങളിൽ 5.796 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-001-93-36—2.7280 കോടി രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലക്ക് നോൺപ്ലാൻ നോൺസാലറി ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.272 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ആരോഗ്യ വകുപ്പ്**

2210-01-001-98-05-03—1.8 ലക്ഷം രൂപ (നോൺ പ്ലാൻ)

ജില്ലാ മെഡിക്കൽ ഓഫീസുകളിലെ ടെലിഫോൺ ചെലവ് വഹിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.09 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-01-001-87—ആരോഗ്യ സേവന വകുപ്പിന്റെ നവീകരണം [8 കോടി രൂപ(പ്ലാൻ)]

ആരോഗ്യ സേവന വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട ചെറുകിട മരാമത്ത് പണികളും സംരക്ഷണ പ്രവർത്തികളും ചെയ്യുന്നതിനും യന്ത്രോപകരണങ്ങളും മറ്റ് സാധനസാമഗ്രികളും വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 12 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-110-99-05-02—52.5 ലക്ഷം രൂപ (നോൺപ്ലാൻ)

2210-01-110-99-05-03—4.95 ലക്ഷം രൂപ (നോൺപ്ലാൻ)

ജില്ലാ മെഡിക്കൽ ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും വൈദ്യുതി-ടെലിഫോൺ ചാർജ്ജ് ചെലവ് വഹിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ മേൽ സൂചിപ്പിക്കും പ്രകാരം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ വൈദ്യുതി ചെലവ് ഇനത്തിൽ 2210-01-110-99-05-02 എന്ന ശീർഷകത്തിൽ 4.3641 കോടി രൂപയും ടെലിഫോൺ ചാർജ്ജ് ഇനത്തിൽ 2210-01-110-99-05-03 എന്ന ശീർഷകത്തിൽ 8 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-110-52—1 കോടി രൂപ (പ്ലാൻ)

ജില്ലാ ആശുപത്രികളിൽ പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുമായി ബന്ധപ്പെട്ട സാധനസാമഗ്രികൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 7.9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-03-110-99-05-02—<u>5.99 ലക്ഷം രൂപ (നോൺ പ്ലാൻ)</u>

ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെയുള്ള ആശുപത്രികളിലെ ഡിസ്പെൻസറികളുടെയും കുടിശ്ശിക വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടതുള്ളതിനാലും താരിഫ് റേറ്റ് പുനർനിർണ്ണയത്തിലൂടെ വരും വർഷങ്ങളിൽ വൈദ്യുത ചാർജ്ജ് വർദ്ധിക്കുന്നതിനാലും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.0568 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-105-74-05-02—<u>8.8 ലക്ഷം രൂപ (നോൺ പ്ലാൻ)</u>

ജില്ലാ ആശുപത്രികളിൽ നോൺ മെഡിക്കൽ ലെപ്രസി അസിസ്റ്റന്റുകളുടെയും ജനറൽ നേഴ്സുമാരുടെയും പരിശീലനവുമായി ബന്ധപ്പെട്ട കെട്ടിടത്തിന്റെ കുടിശ്ശിക വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടതിനാലും താരിഫ് റേറ്റ് പുനർനിർണ്ണയത്തിലൂടെ വരും വർഷങ്ങളിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ സാധ്യതയുള്ളതിനാലും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20.78 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-06-101-45—<u>10 കോടി രൂപ (പ്ലാൻ)</u>

സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വളരെയധികം വർദ്ധിച്ച് വരുന്നതിനാൽ NCD മരുന്നുകളുടെ ആവശ്യകത ഗണ്യമായി കൂടിയിട്ടുണ്ട്. NCD മരുന്നുകളുടെ വർദ്ധിച്ച ആവശ്യകത നിറവേറ്റുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-101-41—<u>2.5 കോടി രൂപ (പ്ലാൻ)</u>

അർബുദ രോഗ പരിചരണ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകൾക്കും ആന്റി കാൻസർ ഡ്രഗ്സ് കൂടി വാങ്ങാൻ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**നാഷണൽ ഹെൽത്ത് മിഷൻ (NHM)**

2210-06-101-19—<u>ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)</u>

2210-06-101-19-02—<u>ദേശീയ ആരോഗ്യ ദൗത്യം (സംസ്ഥാന വിഹിതം)</u>

ബഡ്ജറ്റ് വിഹിതം : 365.2 കോടി രൂപ (പ്ലാൻ)

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം single nodal account എന്ന പുതിയ ഫണ്ട് മാനേജ്മെന്റ് സംവിധാനത്തിലേക്ക് മാറിയതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ

കേന്ദ്ര വിഹിതത്തിനും സംസ്ഥാന വിഹിതത്തിനും മതിയായ തുക ഉണ്ടെന്ന് ഉറപ്പാക്കണമെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം ലഭിച്ചിരുന്നു. പുതിയ സംവിധാന പ്രകാരം കേന്ദ്ര ഫണ്ട് വിഹിതം 21 ദിവസത്തിനകവും സംസ്ഥാന വിഹിതം 40 ദിവസത്തിനകവും നാഷണൽ ഹെൽത്ത് മിഷന്റെ single nodal account ലേയ്ക്ക് കൈമാറണമെന്നതിനാൽ ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ ഫണ്ട് ഉറപ്പാക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 185.48 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത്**

**ഇൻഫ്രാസ്ട്രക്ചർ മിഷൻ (PM-ABHIM)** (60% CSS)

2210-06-101-09-01—45 കോടി രൂപ (പ്ലാൻ)

2021-22-ലെ പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷന്റെ കേന്ദ്ര വിഹിത ഇനത്തിൽ ലഭ്യമാക്കേണ്ട 11.25 കോടി രൂപയും 2022-23-ൽ പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതമായ 45.3 കോടി രൂപയും ചേർത്ത് ആകെ വേണ്ട തുക 56.55 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 11.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-101-09-02—30 കോടി രൂപ (പ്ലാൻ)

പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 60:40 എന്ന കേന്ദ്ര/സംസ്ഥാന അനുപാതത്തിലാണ് പ്രവർത്തിക്കുന്നത്. 2021-22-ലെ സംസ്ഥാന വിഹിത ഇനത്തിലെ 7.5 കോടി രൂപയും 2022-23-ലെ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം 30.2 കോടി രൂപയും ചേർത്ത് ആകെ സംസ്ഥാന വിഹിതമായി 37.7 കോടി രൂപ ലഭിക്കേണ്ടതുണ്ട്. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വിഹിതം ഇനത്തിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4210-01-110-74—15 കോടി രൂപ (പ്ലാൻ)

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള തലശ്ശേരി ജനറൽ ആശുപത്രി, തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം ആരോഗ്യകുടുംബക്ഷേമ പരിശീലന കേന്ദ്രം എന്നിവിടങ്ങളിലെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ഭക്ഷ്യസുരക്ഷാ വകുപ്പ്**

2210-06-102-99-05-2—<u>6.93 ലക്ഷം രൂപ (നോൺ പ്ലാൻ)</u>

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും അതിനു കീഴിലുള്ള 14 ജില്ലാ കാര്യാലയങ്ങളിലും സാമ്പിൾ പരിശോധനകളടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വൈദ്യുതി ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യമായതിനാൽ 9.57 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-102-99-06—<u>10 ലക്ഷം രൂപ (നോൺ പ്ലാൻ)</u>

2210-06-102-99-34-3—<u>10.52 ലക്ഷം രൂപ (നോൺ പ്ലാൻ)</u>

ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളുടെയും കെട്ടിടങ്ങളുടെയും വാടക, കരം, നികുതി എന്നിവയ്ക്കും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു കീഴിൽ പ്രവർത്തിക്കുന്ന തപാൽ സ്റ്റാമ്പ് ഇനത്തിലുള്ള ചെലവ്, സെക്യൂരിറ്റി ജീവനക്കാരുടെ വേതനം എന്നിങ്ങനെയുള്ള മറ്റ് ചെലവുകൾ- മറ്റിനം എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2210-06-102-99-06 ശീർഷകത്തിലേക്ക് 8.5 ലക്ഷവും 2210-06-102-99-34-3 ശീർഷകത്തിലേക്ക് 10.48 ലക്ഷവും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-102-99-97—<u>48 ലക്ഷം രൂപ (പ്ലാൻ)</u>

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് കീഴിലുള്ള 140 സർക്കിളുകളിലും ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന സർക്കാർ വാഹനങ്ങളുടെ എണ്ണം കുറവാണ്. ഭക്ഷ്യ വിപണിയിലെ നിരന്തര പരിശോധനകൾക്കും വാർഷിക പദ്ധതി പ്രകാരമുള്ള വിവിധ പ്രോഗ്രാമുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും മതിയായ വാഹനങ്ങൾ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-107-98-05-2—<u>25.31 ലക്ഷം രൂപ (നോൺ പ്ലാൻ)</u>

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ലബോറട്ടറികളും പത്തനംതിട്ട ജില്ലയിൽ ശബരിമല വഴിപാട് നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, കുടിവെള്ളം എന്നിവയുടെ പരിശോധനയുമായി ബന്ധപ്പെട്ട് ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും

പ്രവർത്തിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിൽ NABL അക്രഡിറ്റേഷൻ ലാബുകളും പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടി വരുന്നതിനാൽ വൈദ്യുത ഉപഭോഗത്തിൽ വർദ്ധനവുണ്ട്. ആയതിനാൽ 16.19 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-107-98-05-3—39,000 രൂപ (നോൺ പ്ലാൻ)

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ലാബുകൾക്കും FSSAI അനുശാസിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുമായുള്ള ടെലിഫോൺ/ബ്രോഡ്ബാന്റ് ചെലവിനത്തിലും തടസ്സമില്ലാത്ത ഇന്റർനെറ്റ് സേവനത്തിനായും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 36,000/- രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-107-98-06—59,000 രൂപ (നോൺ പ്ലാൻ)

പത്തനംതിട്ട ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ഭക്ഷ്യ പരിശോധനാ ലാബ്, കണ്ണൂർ ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന മേഖലാ ലാബ് എന്നിവയുടെ വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 4.11 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-107-98-34-3—40 ലക്ഷം രൂപ (പ്ലാൻ)

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലാ ലബോറട്ടറികളിലെ ഗ്ലാസ് വെയറുകളും മറ്റ് ലബോറട്ടറി ഉപകരണങ്ങളും യഥാസമയം കാലിബ്രേറ്റ് ചെയ്യുന്നതിനും വിവിധ ഉപകരണങ്ങളുടെ AMC/CAMC പുതുക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 32 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### ഡ്രഗ്സ് കൺട്രോൾ വകുപ്പ്

2210-06-104-99—ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം

2210-06-104-99-06—8.80 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-06-104-99-45—1.89 ലക്ഷം രൂപ (നോൺ പ്ലാൻ)

ഔഷധനിയന്ത്രണ കാര്യാലയത്തിലെ വാടക, കരം, നികുതി, പി.ഒ.എൽ. എന്നിവയുടെ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്.

ആയതിനാൽ 2210-06-104-99-06 ശീർഷകത്തിൽ 27 ലക്ഷം രൂപയും 2210-06-104-99-45 ശീർഷകത്തിൽ 1.71 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-104-98-05-1—11,000 രൂപ (നോൺ പ്ലാൻ)

2210-06-104-98-05-2—26.52 ലക്ഷം രൂപ (നോൺ പ്ലാൻ)

എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ വെള്ളക്കരം, വൈദ്യുതി ചെലവ് എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 2210-06-104-98-05-01 ശീർഷകത്തിൽ 1.89 ലക്ഷം രൂപയും 2210-06-104-98-05-1 ശീർഷകത്തിൽ 4 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്**

2210-80-190-99-36—356.4 കോടി രൂപ (നോൺ പ്ലാൻ)

മരുന്ന് വാങ്ങിയ ഇനത്തിൽ മുൻകാല കുടിശ്ശിക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായധന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 428.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-200-97-31—26.02 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-200-97-36—11.38 ലക്ഷം രൂപ (നോൺ പ്ലാൻ)

നീണ്ടകരയിലുള്ള ആർ.സി.സി.-യുടെ പെരിഫറൽ സെന്ററിന് ശമ്പളം ശമ്പളേതരം ഇനങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 2210-05-200-97-31 ശീർഷകത്തിൽ 3.96 ലക്ഷം രൂപയും 2210-05-200-97-36 ശീർഷകത്തിൽ 8.62 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**മലബാർ ക്യാൻസർ സെന്റർ**

| | |
|---|---|
| 2210-05-200-96-35 | - 16.8 കോടി രൂപ (പ്ലാൻ) |
| 2210-05-200-96 -36 | - 11.2 കോടി രൂപ (പ്ലാൻ) |
| 2210-05-200-96 -31 | - 6.2417 കോടി രൂപ (നോൺ പ്ലാൻ) |
| 2210-05-200-96 -36 | - 6.0703 കോടി രൂപ (നോൺ പ്ലാൻ) |

മലബാർ ക്യാൻസർ സെന്റർ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ പൂർത്തീകരണത്തിനായും മറ്റു ചെലവുകൾക്കും ഈ സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിൽ

വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 38.3967 കോടി രൂപ പ്ലാൻ ഫണ്ടിലും 22.1504 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കൊച്ചിൻ ക്യാൻസർ സെന്റർ**

കൊച്ചി ക്യാൻസർ സെന്റർ (CCRC) പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനും ഇൻട്രാ ഓപ്പറേറ്റീവ് റേഡിയോ തെറാപ്പി മെഷീൻ സ്ഥാപിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 2210-05-200-92-35 &2210-05-200-92-36 എന്നീ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിലെ പ്ലാൻ ഫണ്ടിലേയ്ക്ക് 23 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ഐക്കോൺസ്**

2210-05-105-36—<u>ജ്ഞാനഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടിയുള്ള സൊസൈറ്റി</u>

വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ ഐക്കോൺസ് നടപ്പിലാക്കി വരുന്നു. ചികിത്സയ്ക്കായി വിദഗ്ധ ഡോക്ടർമാരുടെ സേവനവും പുനരധിവാസത്തിനായി വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെ സേവനവും പഠനത്തിനായി സ്പെഷ്യൽ അദ്ധ്യാപകരുടെ സേവനവും ഉപയോഗിച്ച് വരുന്നു. അതിനാൽ ഈ മേഖലയിൽ മനുഷ്യ വിഭവശേഷി സമാഹരണത്തിന്റെ ചെലവിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2.85 കോടി രൂപ പ്ലാൻ ശീർഷകത്തിലും 7.7019 കോടി രൂപ നോൺ പ്ലാൻ ശീർഷകത്തിലും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്)**

മാനസിക ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വിദ്യാർത്ഥികൾക്ക് സെമിനാറുകൾ നടത്തുന്നതിനും ലിഫ്റ്റുകളുടെയും ന്യൂറോ സയൻസ് ലാബിലെ ഉപകരണങ്ങളുടെയും AMC-യ്ക്കും ആയി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 27.96 ലക്ഷം രൂപ അധികമായി അനുവദിക്കുന്നത് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ശിശുവികസന കേന്ദ്രം**

ശിശുവികസന കേന്ദ്രത്തിൽ ശമ്പളവും ശമ്പളേതര ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്**

2210-06-107-88-34-3—1000 രൂപ (നോൺ പ്ലാൻ)

കേരള സ്റ്റേറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ കീഴിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന രജിസ്ട്രേഷൻ ഫീസ് മാത്രമാണ് സ്ഥാപനത്തിന്റെ തനത് ഫണ്ട്. പ്രസ്തുത തുക കൗൺസിലുമായി ബന്ധപ്പെട്ട ചെലവുകൾക്ക് തികയാത്ത സാഹചര്യമാണ് ഉള്ളത്. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 52 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി**

2210-06-800-81—442.5 കോടി രൂപ (പ്ലാൻ)

2022-23 സാമ്പത്തിക വർഷം നാളിതുവരെ പ്രധാനമന്ത്രി ജന ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി/സംസ്ഥാന പദ്ധതിയിൽ സമർപ്പിച്ച ക്ലെയിമുകളുടെ ആകെ തുക 1260.31 കോടി രൂപയാണ്. 2023-24 സാമ്പത്തിക വർഷം ഏകദേശം 1400 കോടി രൂപയുടെ ക്ലെയിമുകൾ പ്രതീക്ഷിക്കുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷം സർക്കാർ നടപ്പിലാക്കിയിരുന്ന ആരോഗ്യ കിരണം പദ്ധതി KASP-യിൽ ലയിപ്പിച്ചിരുന്നു. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, മേൽ ശീർഷകത്തിൽ 686.60 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ആയുഷ് വകുപ്പ്**

**ഭാരതീയ ചികിത്സാ വകുപ്പ്**

2210-02-001-91—2 കോടി രൂപ (പ്ലാൻ)

എല്ലാ ആശുപത്രികളിലും ഇ-ഹോസ്പിറ്റൽ സംവിധാനം നടപ്പിലാക്കുന്നതിനും അനുബന്ധ സജ്ജീകരണങ്ങൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 19.65 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-76— 1.5 കോടി രൂപ (പ്ലാൻ)

പ്രകൃതി ദുരന്തം മൂലമുള്ള പകർച്ചവ്യാധികളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പിനായി നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 87 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-74—1 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്പോർട്സ് യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-66—24 കോടി രൂപ (പ്ലാൻ)

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണവും ആധുനിക വൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് അനുവദിച്ച ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.06 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-65—95 ലക്ഷം രൂപ (പ്ലാൻ)

ജീവനി (Diabetic Mellitus) പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കണ്ണൂർ ജില്ലകളിലേയും പുനർനവ (Strokes Management) തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ 19 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-64—വിദ്യാലയ ആരോഗ്യ പദ്ധതികൾ

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

ഭാരതീയ ചികിത്സാ വകുപ്പ് നടത്തി വരുന്ന വിദ്യാലയ ആരോഗ്യ പദ്ധതിയുടെ ഭാഗമായുള്ള യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**സംസ്ഥാന ഔഷധ സസ്യബോർഡ്**

2210-05-101-60—30 ലക്ഷം രൂപ (പ്ലാൻ)

സംസ്ഥാന ഔഷധ സസ്യ ബോർഡിന് കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി 2023-24 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-101-18-02—ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള ദേശീയ ആയുഷ് ദൗത്യം (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

നാഷണൽ ആയുഷ് മിഷന്റെ കേന്ദ്ര വിഹിതത്തിലുള്ള വർദ്ധനയ്ക്ക് ആനുപാതികമായി സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിനും സംസ്ഥാനത്ത് അനുവദിച്ച, ആയുഷ്മാൻ ഭാരത് ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്ററുകളുടെയും ഇന്റഗ്രേറ്റഡ് ആയുഷ് ഹോസ്പിറ്റലുകളുടെയും മറ്റ് പദ്ധതികളുടെയും സമയബന്ധിതമായ പൂർത്തീകരണത്തിന് നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 13.4640 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ഔഷധി**

4210-02-103-94—6 കോടി രൂപ (പ്ലാൻ)

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 14.3395 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-74-05-2—80,000 രൂപ (നോൺ പ്ലാൻ)

2210-02-101-74-05-3—1,000 രൂപ (നോൺ പ്ലാൻ)

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള കേരള സ്പോർട്സ് ആയുർവേദ ആശുപത്രിയിലെ വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ് എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-74-05-2—2 ലക്ഷം രൂപ

2210-02-101-74-05-3—15,000 രൂപ

2210-02-192-50—മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള സഹായം- റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 46.16 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-196-50—ജില്ലാ പരിഷത്തുകൾ/ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 68.54 ലക്ഷം രൂപ (നോൺ പ്ലാൻ)

2023-24 സാമ്പത്തിക വർഷത്തിൽ മേൽ ശീർഷകങ്ങളിലേക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ കാണിച്ചിരിക്കുന്ന പ്രകാരം തുക അധികമായി പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-192-50—25 ലക്ഷം രൂപ

2210-02-196-50—30 ലക്ഷം രൂപ

2210-02-101-74-05-24—3.60 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണ ശാലയിൽ ഓഫീസ് ആവശ്യത്തിനുള്ള സാധനസാമഗ്രികൾ വാങ്ങാനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-74-05-4—1000 രൂപ (നോൺ പ്ലാൻ)

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണ ശാലയിലെ ഓഫീസ് ചെലവ് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-101-69-35—1.3475 കോടി രൂപ (പ്ലാൻ)

കോട്ടയ്ക്കൽ ആയുർവേദ കോളേജിന്റെയും ആശുപത്രിയുടെയും, ആയുർവ്വേദ പഠന സൗകര്യ വികസനത്തിനായും, പുരോഗമിച്ചുവരുന്ന നിർമ്മാണ പ്രവർത്തികളുടെ പൂർത്തീകരണത്തിനും നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.8525 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4210-03-101-93—2 കോടി രൂപ (പ്ലാൻ)

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിന്റെ പുതിയ കെട്ടിടങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ തുടങ്ങിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-99-01-4—1.58 ലക്ഷം രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്ന മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-99-02-1—വേതനം - ശമ്പളം

2210-02-101-99-02-2—വേതനം - ക്ഷാമബത്ത

2210-02-101-99-02-3—വേതനം - മറ്റു അലവൻസുകൾ

ബഡ്ജറ്റ് വിഹിതം : 13.39 ലക്ഷം രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-99-05-3—59,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയിലെ ടെലിഫോൺ ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 21,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-99-06—1,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയിലെ പുതിയ പേ വാർഡ് കെട്ടിടത്തിന്റെ പ്രോപ്പർട്ടി ടാക്സ് ഒടുക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-99-45—55,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജിന്റെ പി.ഒ.എൽ. ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-99-34-3—7.32 ലക്ഷം രൂപ (നോൺ പ്ലാൻ)

നടപ്പു സാമ്പത്തിക വർഷം മറ്റ് ചെലവുകൾ വഹിക്കാൻ തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-96-24—65.34 ലക്ഷം രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയിലെ ഫാർമസികളിലെ അസംസ്കൃത മരുന്നുകളുടെ കുടിശ്ശിക തുക അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-001-98-01-4—7000 രൂപ (നോൺ പ്ലാൻ)

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-85—<u>പഞ്ചകർമ്മ ആശുപത്രിയുടെ വികസനം</u>

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-101-85-01-4—<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ് - 63,000 രൂപ</u>

2210-02-101-85-45—<u>പി.ഒ.എൽ. - 26,000 രൂപ</u>

തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയുടെ കീഴിലുള്ള പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലെ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, പി.ഒ.എൽ. എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-85-01-4—<u>62,000 രൂപ</u>

2210-02-101-85-45—<u>14,000 രൂപ</u>

2210-02-101-78-02-1—<u>വേതനം-ശമ്പളം-3.87 ലക്ഷം രൂപ (നോൺ പ്ലാൻ)</u>

2210-02-101-78-02-2—<u>വേതനം-ശമ്പളം - 3.87 ലക്ഷം രൂപ (നോൺ പ്ലാൻ)</u>

നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ ആയുർവ്വേദ കോളേജ് ആശുപത്രിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൊടുക്കുന്നതിന് അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള തുക മേൽ ശീർഷകങ്ങളിലേയ്ക്ക് അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-78-02-1—<u>55,000 രൂപ</u>

2210-02-101-78-02-2—<u>4,000 രൂപ</u>

2210-02-101-78-02-4—<u>വേതനം-കൺസോളിയേറ്റഡ് പേ- 1,000 രൂപ(നോൺ പ്ലാൻ)</u>

2210-02-101-78-02-5—<u>വേതനം-ദിവസവേതനം-16.94 ലക്ഷം രൂപ (നോൺപ്ലാൻ)</u>

കണ്ണൂർ ആയുർവ്വേദ കോളേജ് ആശുപത്രിക്ക് കൺസോളിയേറ്റഡ് പേ & ദിവസവേതന ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കുന്ന തുക അധികമായി മേൽ ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-78-02-4—10.24 ലക്ഷം രൂപ

2210-02-101-78-02-5—43.43 ലക്ഷം  രൂപ

2210-02-101-78-02-4—10.24 ലക്ഷം രൂപ

2210-02-101-78-02-5—43.43 ലക്ഷം  രൂപ

2210-02-101-78- 041—യാത്രാ ചെലവുകൾ-യാത്രബത്ത-28,000 രൂപ (നോൺപ്ലാൻ)

2210-02-101-78-04-2—യാത്രാ ചെലവുകൾ-സ്ഥലമാറ്റ ബത്ത- 6,000  രൂപ(നോൺ പ്ലാൻ)

കണ്ണൂർ ആയുർവ്വേദ കോളേജ് ആശുപത്രിക്ക് യാത്രാബത്ത & സ്ഥലമാറ്റ ബത്ത ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർത്തിരിക്കുന്ന തുക അധികമായി മേൽ ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-78-04-1—22,000  രൂപ

2210-02-101-78-04-2—4,000  രൂപ

2210-02-101-78-05-2—6.23 ലക്ഷം രൂപ (നോൺ പ്ലാൻ)

കണ്ണൂർ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ പുതിയതായി ആരംഭിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ കൂടി വൈദ്യുതി ചാർജ്ജ് വഹിക്കേണ്ടതിനാൽ നടപ്പ് വർഷം ഈ ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 23.77 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-78-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും- 11,000 രൂപ (നോൺ പ്ലാൻ)

2210-02-101-78-24—സാധനസാമഗ്രികൾ - 1.4 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-101-78-45—പി.ഒ.എൽ.  - 25,000 രൂപ (നോൺ പ്ലാൻ)

കണ്ണൂർ ആയുർവ്വേദ കോളേജ് ആശുപത്രിയിലെ ആംബുലൻസിന്റെ ഇൻഷ്വറൻസ് പ്രീമിയം അടവാക്കാനും ആംബുലൻസിന്റെ അറ്റകുറ്റപ്പണികൾക്കും, പി.ഒ.എൽ. ഇനത്തിലും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് പ്രവേശിപ്പിക്കപ്പെടുന്ന രോഗികൾക്ക് ഭക്ഷണ സാമഗ്രികൾ വാങ്ങുന്നതിനും നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-101-78-21-2—20,000 രൂപ

2210-02-101-78-24—18.60 ലക്ഷം രൂപ

2210-02-101-78-45—25,000 രൂപ

2210-05-101-95-05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം - 5.50 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-101-95-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 49.61 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-101-95-05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ - 2.46 ലക്ഷം രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിൽ വെള്ളക്കരം, വൈദ്യുതി ചെലവ്, മറ്റിനങ്ങൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-101-95-05-1—1 കോടി രൂപ

2210-05-101-95-05-2—10 ലക്ഷം രൂപ

2210-05-101-95-05-4—2 ലക്ഷം രൂപ

2210-05-101-95-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും- 14.9760 കോടിരൂപ (നോൺ പ്ലാൻ)

2210-05-101-95-34—മറ്റു ചെലവുകൾ - 14,000 രൂപ (നോൺ പ്ലാൻ)

2210-05-101-95-45—പി.ഒ.എൽ. - 1.62 ലക്ഷം രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിൽ സ്കോളർഷിപ്പുകൾ, സ്റ്റൈപ്പെൻഡുകൾ, മറ്റു ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്താൻ സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-101-95-12—1 കോടി രൂപ

2210-05-101-95-34—1 ലക്ഷം രൂപ

2210-05-101-95-45—75,000 രൂപ

2210-05-101-79-04-1—യാത്രാ ചെലവുകൾ - യാത്രാബത്ത - 75,000 രൂപ(നോൺ പ്ലാൻ)

2210-05-101-79-05-3—ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ് - 64,000 രൂപ (നോൺ പ്ലാൻ)

2210-05-101-79-06—വാടക, കരം, നികുതി - 15,000 രൂപ (നോൺ പ്ലാൻ)

2210-05-101-79-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും - 4.32 കോടി രൂപ (നോൺ പ്ലാൻ)

2210-05-101-79-21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും - 20,000 രൂപ (നോൺ പ്ലാൻ)

2210-05-101-79-45—പി.ഒ.എൽ. - 77,000 രൂപ (നോൺ പ്ലാൻ)

കണ്ണൂർ, ഗവൺമെന്റ് ആയുർവ്വേദ കോളേജുമായി ബന്ധപ്പെട്ട മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-101-79-04-1—1 ലക്ഷം രൂപ

2210-05-101-79-05-3— 80,000 രൂപ

2210-05-101-79-06—50,000 രൂപ

2210-05-101-79-12—4.26 കോടി രൂപ

2210-05-101-79-21-2—1.10 ലക്ഷം രൂപ

2210-05-101-79-45—2.23 ലക്ഷം രൂപ

**ഹോമിയോപ്പതി വകുപ്പ്**

2210-02-102-74-34—7.05 കോടി രൂപ (പ്ലാൻ)

നിലവിൽ 14 ജില്ലാ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്ന പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സേവനം ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള മറ്റെല്ലാ ആശുപത്രികളിലേക്കും വ്യാപിക്കുന്നതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**നാഷണൽ മിഷൻ ഓൺ ആയുഷ്-ഹോമിയോ (NAM)**

2210-02-102-73—<u>ദേശീയ ആയുഷ് ദൗത്യം-ഹോമിയോ (കേന്ദ്രാവിഷ്കൃതം60:40)</u>
2210-02-102-73-02—<u>ദേശീയ ആയുഷ് ദൗത്യം-ഹോമിയോ (സംസ്ഥാന വിഹിതം)</u>

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

നാഷണൽ ആയുഷ് മിഷന്റെ കേന്ദ്ര വിഹിതത്തിലുള്ള വർദ്ധനയ്ക്ക് ആനുപാതികമായി സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിനും സംസ്ഥാനത്ത് അനുവദിച്ച ആയുഷ്മാൻ ഭാരത് ആയുഷ് ഹെൽത്ത് & വെൽനസ്സ് സെന്ററുകളുടെയും ഇന്റഗ്രേറ്റഡ് ആയുഷ് ഹോസ്പിറ്റലുകളുടേയും സമയബന്ധിതമായ പൂർത്തീകരണത്തിനും മറ്റ് പദ്ധതികളുടെ നടത്തിപ്പിനുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 18.46 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ഹോമിയോപ്പതി വിദ്യാഭ്യാസ വകുപ്പ്**

2210-02-102-97-19—<u>5.92 ലക്ഷം രൂപ (പ്ലാൻ)</u>

കോഴിക്കോട് ഹോമിയോ കോളേജ് ആശുപത്രിയിൽ, ഇ-ഹോസ്പിറ്റലിന്റെ പ്രവർത്തനങ്ങൾക്കായി കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-102-97-24—<u>14.38 ലക്ഷം രൂപ (പ്ലാൻ)</u>

കോഴിക്കോട് ഹോമിയോ കോളേജ് ആശുപത്രിയുടെ ശുചീകരണം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും മരുന്ന് വിതരണത്തിനുള്ള പേപ്പർ കവറിൽ നിർദ്ദേശം പ്രിന്റ് ചെയ്യുന്നതിനുമായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.62 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-102-97-34-3—<u>55.85 ലക്ഷം രൂപ (പ്ലാൻ)</u>

കോഴിക്കോട് ഹോമിയോ കോളേജ് ആശുപത്രിക്ക് 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾ, സ്റ്റേഷനറി, ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4210-03-102-99—1.93 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ അക്കാഡമിക്ക് ബ്ലോക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 8.07 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-102-98-04-2—4000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഹോമിയോ കോളേജ് ആശുപത്രിയിൽ തീർപ്പാക്കാനുള്ള 8 സ്ഥലംമാറ്റ ബത്തയ്ക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി ഈ ശീർഷകത്തിൽ 40,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-02-102-97-12—1.0672 കോടി രൂപ (നോൺ പ്ലാൻ)

കോഴിക്കോട് ഹോമിയോ കോളേജ് ആശുപത്രിയിൽ, ഇന്റേണീസിന് സ്റ്റൈപ്പെൻഡ് വിതരണം ചെയ്യുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 55.43 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-102-99-01-4—18,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിന് ശമ്പളം, മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 1 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-102-99-05-3—2 ലക്ഷം രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ടെലിഫോൺ ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50,000/- രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-102-99-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും (നോൺ പ്ലാൻ)

2210-05-102-99-45—പി.ഒ.എൽ.- 1,000 രൂപ - (നോൺ പ്ലാൻ)

തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്റ്റൈപ്പെൻഡ്, വിതരണം, പി.ഒ.എൽ. എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-102-99-12—2.3776 കോടി രൂപ

2210-05-102-99-45—49,000 രൂപ

2210-05-102-98-01-4—ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ് - 31,000 രൂപ(നോൺ പ്ലാൻ)

2210-05-102-98-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും - 2.376 കോടി രൂപ (നോൺ പ്ലാൻ)

2210-05-102-98-34-1—മറ്റു ചെലവുകൾ - വെള്ളക്കരം - 1.57 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-102-98-34-2—മറ്റു ചെലവുകൾ - വൈദ്യുതി ചെലവ് - 9.63 ലക്ഷം രൂപ (നോൺ പ്ലാൻ)

ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, സ്കോളർഷിപ്പുകളുടേയും സ്റ്റൈപ്പെൻഡുകളുടേയും വിതരണം, വെള്ളക്കരം, വൈദ്യുതി ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2210-05-102-98-01-4—3.87 ലക്ഷം രൂപ

2210-05-102-98-12—2.16 കോടി രൂപ

2210-05-102-98-34-1—11.63 ലക്ഷം രൂപ

2210-05-102-98-34-2—8.37 ലക്ഷം രൂപ

2210-05-102-88-12—3.24 കോടി രൂപ (നോൺ പ്ലാൻ)

സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലേക്ക് സ്റ്റൈപ്പെൻഡ് വിതരണം ചെയ്യുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 2.0776 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XX- ശുദ്ധജല വിതരണവും ശുചീകരണവും, ധനാഭ്യർത്ഥന നമ്പർ XXX-ഭക്ഷ്യം എന്നിവയിൽ അധിക തുക ആവശ്യപ്പെടാത്തതിനാൽ 15-2-2023-ാം തീയതിയിൽ നിശ്ചയിച്ചിരുന്ന സൂക്ഷ്മപരിശോധന യോഗം ഒഴിവാക്കാനും സമിതിയുടെ അടുത്ത യോഗം 21-2-2023-ന് ചേരാനും തീരുമാനിച്ചു.

യോഗം വൈകുന്നേരം 6.15-ന് പിരിഞ്ഞു.

## 21-2-2023-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2023 ഫെബ്രുവരി 21-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക്ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർപേഴ്സണും, ബഹു. ആരോഗ്യ-വനിത ശിശു വികസന മന്ത്രിയുമായ ശ്രീമതി വീണാ ജോർജ്ജ് വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി ഒ.എസ്. അംബിക, എം. എൽ.എ.
2. ശ്രീമതി ദെലീമ, എം.എൽ.എ.
3. ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി യു. പ്രതിഭ, എം.എൽ.എ.
2. ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. സെൽവരാജൻ പി. എസ്., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. പുഷ്പാംഗദൻ റ്റി, അണ്ടർ സെക്രട്ടറി.

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന XVIII, XIX, XX, XXX എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഭേദഗതി ചുവടെ ചേർക്കുന്നു.

പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രവുമായി ബന്ധപ്പെട്ട ചർച്ചാ വേളയിൽ രണ്ട് ശിപാർശകൾകൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് സമിതി തീരുമാനിച്ചു.

**പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം**

2210-05-105-52-31—<u>42.914 കോടി രൂപ (നോൺ പ്ലാൻ)</u>

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ഏഴാം ശമ്പളപരിഷ്കരണം അടിസ്ഥാനമാക്കി R.C.C.യിലെ ജീവനക്കാരുടെ ശമ്പളം പുതുക്കിയതിനാൽ 2016 ജനുവരി മുതൽ 2021 മേയ് മാസം വരെയുള്ള കാലയളവിലെ ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനും പുതുക്കിയ നിരക്കിലുള്ള ശമ്പളവും മറ്റ് ബത്തകളും അനുവദിക്കുന്നതിനും ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 57.0860 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-52-36—<u>27.0175 കോടി രൂപ (നോൺ പ്ലാൻ)</u>

റീജിയണൽ ക്യാൻസർ സെന്ററിലേക്ക് മരുന്നുകൾ, റീയേജന്റുകൾ തുടങ്ങിയ വാങ്ങുന്നതിനും, നിർധന രോഗികളുടെ ചികിത്സ, കെട്ടിടത്തിന്റെയും ഉപകരണങ്ങളുടെയും പരിപാലന-അറ്റകുറ്റപ്പണികൾ, മാലിന്യ നിർമ്മാർജ്ജനം, ഓഡിറ്റ് ചെലവുകൾ, പെൻഷൻ പദ്ധതിയിലേക്കുള്ള തൊഴിലുടമയുടെ വിഹിതം, ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം, മറ്റ് നികുതികൾ മുതലായ ഓഫീസ് ചെലവുകൾ വഹിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 39.6025 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 2.50-ന് പിരിഞ്ഞു.